# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടത്തല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം (പി5)1508/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടത്തല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടത്തല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്തല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം (പി5)1508/2023 തീയ്യതി: 13/12/2023

## എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ്സ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-09-2023 | 29-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-09-2023 | 29-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1)സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

2)റഷീദ്.സി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

3)പുഷ്പ.ആർ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

4)വൃന്ദ.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പ്രീജ കുഞ്ഞുമോൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.റെജിമോൻ.പി.പി. | സെക്രട്ടറി | 01-04-2022 | 01-10-2022 |
| ശ്രീമതി.ആരതി ബാബു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-10-2022 | 12-10-2022 |
| ശ്രീ.സജി തോമസ് | സെക്രട്ടറി | 13-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.മഹേഷ്.പി.യു | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| സീന.കെ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഷഫീന | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ബബിത.മാത്യു.സി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഷഹീര | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| മരിയറ്റ് ജോസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| അരുൺകുമാർ | വി.ഇ.ഒ,കുഴിവേലിപ്പടി | 01-04-2022 | 30-09-2022 |
| ഫെമിന | വി.ഇ.ഒ,കുഴിവേലിപ്പടി | 01-10-2022 | 31-03-2023 |
| അരുൺകുമാർ | വി.ഇ.ഒ. എടത്തല(ഇൻ ചാർജ്) | 01-04-2022 | 04-05-2022 |
| ഷെഫീല | വി.ഇ.ഒ. എടത്തല | 05-05-2022 | 31-03-2023 |
| ഡോ.സ്മിതാറാണി.എം.എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 18-04-2022 |
| ഡോ.ധന്യ പ്രസാദ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 18-04-2022 | 31-03-2023 |
| ആരതി ബാബു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 22-11-2022 |
| സജി തോമസ് | അസിസ്റ്റന്റ് സെക്രട്ടറി | 23-11-2022 | 01-03-2023 |
| ജോഷി പി ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-03-2023 | 31-03-2023 |
| ഡോ.ശ്രീകല.വി.എസ് | മെഡിക്കൽ ഓഫീസർ.എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | മുന്നിരിപ്പ് തുകയിൽ വ്യത്യാസം | 1-1-2 |
| 4 | ബാങ്ക് അക്കൗണ്ട് പരിശോധനയ്ക്കായി ഹാജരാക്കിയില്ല | 1-1-3 |
| 5 | കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് ACR മായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | റിഡംപ്ഷൻ തുക കൃത്യമാക്കേണ്ടതാണ് | 1-1-5 |
| 7 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല | 1-1-6 |
| 8 | മുൻകൂർ രജിസ്റ്റർ കൃത്യമല്ല | 1-1-7 |
| 9 | വസ്തു നികുതി സഞ്ചയ കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 19 | തനത് വരുമാനം- അവലോകനം | 1-11 |
| 20 | തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകതകൾ | 1-12 |
| 21 | ലൈസൻസെടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-13 |
| 22 | ലൈസൻസ് - രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ | 1-14 |
| 23 | വസ്തു നികുതി കുടിശ്ശിക | 1-15 |
| 24 | തെറ്റായ ഉപയോഗ ക്രമത്തിൽ വസ്തു നികുതി നിർണ്ണയിച്ചു | 1-16 |
| 25 | പാലിയേറ്റീവ് കെയർ – മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല | 1-17 |
| 26 | എഫ്.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി – മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-18 |
| 27 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി – മരുന്നുകൾ | 1-19 |

| | | |
|---|---|---|
| | പൂർണ്ണമായും ലഭ്യമായില്ല | |
| 28 | കോക്ളിയർ ഇംപ്ലാന്റിന ശേഷമുള്ള കേൾവി സഹായി മെയിന്റനൻസ് പദ്ധതിയിലെ അപാകത | 1-20 |
| 29 | കക്കൂസ് മെയിന്റനൻസ് - പദ്ധതി നടത്തിപ്പിലെ അപാകത | 1-21 |
| 30 | തെരുവു വിളക്കുകളുടെ പരിപാലനം | 1-22 |
| 31 | ശ്മശാന നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-23 |
| 32 | സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തിരികെ നല്കൽ - രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല | 1-24 |
| 33 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-25 |
| 34 | ഡെപ്പോസിറ്റ് വർക്കുകൾ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-26 |
| 35 | ലൈഫ് ഭവന പദ്ധതി- തുക അധികം നല്കിയത് സംബന്ധിച്ച് | 1-27 |
| 36 | ലൈഫ് ഭവന പദ്ധതി - സ്ഥലം വാങ്ങൽ - അപാകത | 1-28 |
| 37 | ലൈഫ് ഭവന പദ്ധതി 2022-23 | 1-29 |
| 38 | എം. എൻ ലക്ഷം വീട് - ഇരട്ട വീടുകൾ ഒറ്റ വീടാക്കി മാറ്റൽ - പണി പൂർത്തീകരിച്ചില്ല | 1-30 |
| 39 | ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 1-31 |
| 40 | മഴക്കാല പൂർവ്വ ശുചീകരണം- ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല | 1-32 |
| 41 | മുൻകുറുകൾ ക്രമീകരിക്കുന്നതിന് കാലതാമസം | 1-33 |
| 42 | ചെലവു രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല | 1-34 |
| 43 | ലൈബ്രറി സെസ്സ് അടവാക്കിയ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. | 1-35 |
| 44 | ഡെപ്പോസിറ്റ് വർക്കുകൾ-യഥാസമയം പൂർത്തീകരിക്കുന്നില്ല. | 1-36 |
| 45 | അഗതി രഹിത കേരളം - ഫണ്ട് വിനിയോഗിക്കുവാൻ അവശേഷിക്കുന്നു | 1-37 |
| ഭാഗം **2** | | |
| 1 | തൊഴി**ൽ** നികുതി ഈടാക്കിയതി**ൽ** കുറവ് | 2-1 |
| ഭാഗം **3** | | |
| 1 | ലൈഫ് ഭവന പദ്ധതി- തുക അധികം നല്കി | 3-1 |
| ഭാഗം **4** | | |
| 1 | വാ**ർ**ഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.07.2023 ലെ 1-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.7.2023 - ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എടത്തല ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എടത്തല ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാക്കനാട്

തീയതി:13/12 /2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. [കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ് )]

### 1-1-2 മുന്നിരിപ്പ് തുകയിൽ വ്യത്യാസം

2021-22 വർഷത്തെ ധനകാര്യപത്രികയിൽ 31.3.2022 ലെ നീക്കിയിരുപ്പ് തുക 5,03,46,269/- രൂപയാണ്. 2022 -23 ധനകാര്യപത്രികയിൽ 01.04.2022 ലെ മുന്നിരിപ്പ് തുക 5,03,46,294/- രൂപയായി ചേർത്തിരിക്കുന്നു. വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

### 1-1-3 ബാങ്ക് അക്കൗണ്ട് പരിശോധനയ്ക്കായി ഹാജരാക്കിയില്ല

ബാങ്ക് അക്കൗണ്ട് പരിശോധനയ്ക്കായി ഹാജരാക്കിയില്ല. Co-operative Bank Of Revenue Accountൽ 31.3.2023 ൽ RP -40 (B) പ്രകാരം 8100/-രൂപ നീക്കിയിരിപ്പുണ്ട്. ഈ ബാങ്ക് അക്കൗണ്ട് പരിശോധനയ്ക്കു ഹാജരാക്കേണ്ടതാണ്.

1-1-4 കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് ACR മായി പൊരുത്തപ്പെടുന്നില്ല

കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരുപ്പ്, ലാപ്സ് എന്നിവ ACR മായി പൊരുത്തപ്പെടുന്നില്ല. ശരിയായ കണക്ക് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

1-1-5 റിഡംപ്ഷൻ തുക കൃത്യമാക്കേണ്ടതാണ്

2021-22 വർഷത്തെ ധനകാര്യപത്രികയിൽ 31.3.2022 ൽ റിഡംപ്ഷൻ ഇനത്തിൽ ലഭിക്കാനുണ്ടായിരുന്ന തുക 1,34,56,538/-രൂപയാണ്(B-15). 2022-23 വർഷത്തെ ധനകാര്യപത്രികയിൽ റിഡംപ്ഷൻ ഇനത്തിൽ ലഭിച്ച തുക 1,64,56,538/- രൂപയായി ചേർത്തിരിക്കുന്നു (RP-45). എന്നാൽ ബാങ്ക് അക്കൗണ്ടിൽ ഇത്രയും തുക വരവ് വന്നിട്ടില്ല. 30 ലക്ഷം രൂപയുടെ വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

1-1-6 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11382705/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)387332/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-7 മുൻകൂർ രജിസ്റ്റർ കൃത്യമല്ല

ഗ്രാമപഞ്ചായത്തിന്റെ മുൻകൂർ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

1-1-8 വസ്തു നികുതി സഞ്ചയ കണക്കുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി കണക്കുകൾ സഞ്ചയ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 19.3.2022 ലെ 1-ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2022-23 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 8,63,82,429 |
| വരവ് | 27,77,40,200 |
| ആകെ | 36,41,22,629 |
| ചെലവ് | 35,97,60,000 |
| നീക്കിയിരിപ്പ് | 43,62,629 |

1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 50346269.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 103092728.00 |
| ആകെ | | 153438997.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 91709998.00 |
| നീക്കിയിരിപ്പ് | | 61728999.00 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് പ്രകാരം വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) | ചെലവഴിക്കാതെ ലാപ്സായ തുക (₹) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20570530 | 20570530 | 19126546 | 0 | 2558267 (GO Projects) 1443984 (Lapse) |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 8095686 | 8095686 | 7278742 | 0 | 1551328 (GO Projects) 816944 (Lapse) |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 379289 | 379289 | 299510 | 0 | 79779 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 7178000 | 7178000 | 5806681 | 0 | 1371319 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 13797000 | 13797000 | 8903858 | 0 | 4893142 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 3509316 | 10060780 | 13570096 | 4685532 | 7321033 | 1563531 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied Fund) | -514681* | (4085000+ 185980/- പലിശ) 4270980 | (3570319+ 185980/- പലിശ) 3756299 | 3483885 | 272414 | 0 |
| ദുരിതാശ്വാസ നിധി | 2107 | 84 | 2191 | 0 | 2191 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട്- അങ്കണവാടി പൂരക പോഷകാഹാരം | 1679869 | 3497564 | 5177433 | 1500000 | 3677433 | 0 |
| സാനിട്ടേഷൻ 320100115 | 1508 | 63 | 1571 | 0 | 1571 | 0 |
| സംസ്ഥാനാ വിഷ്കൃതഫണ്ട്- | | 2200000 | 2200000 | 1280649 | 919351 | |
| വിമുക്തി ഫണ്ട് | 30430 | 0 | 30430 | 0 | 30430 | 0 |
| സാക്ഷരത | 43816 | 1195 | 45011 | 0 | 45011 | 0 |
| ശുചിത്വമിഷൻ 320200322 | 4360919 | 0 | 4360919 | 2352304 | 2008615 | |
| എം എൻ ലക്ഷം വീട് | 1335334 | 53412 | 1388746 | 0 | 1388746 | |
| Health Grant(Diagnostic Centre) | | 297926 | 297926 | 293016 | 4910 | |
| Health Grant(wellness Center) | | 162761 | 162761 | 160000 | 2761 | |

1)*CFC ഫണ്ട് ബാങ്കിൽ നീക്കിയിരുപ്പുള്ള തുകകളും ലാപ്സായ തുകകളും ACR ബാലൻസ് തുകയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. കൂടാതെ ബാങ്കിൽ നിന്നുള്ള പലിശ വരവ് ₹214389/-പൂർണ്ണമായും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2)ബജറ്റ് പ്രകാരം പഞ്ചായത്തിന് ലഭ്യമായ ഗ്രാന്റ് തുകകൾ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നില്ലെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. എസ് സി പി, ടി എസ് പി ഇനങ്ങളിലെ ഗ്രാന്റ് തുക പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

മാർഗ്ഗരേഖപ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്ത് കാര്യക്ഷമമായി നടപ്പാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി കൂടുതൽ ഊന്നൽ നൽകേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 279 | 238199536 | 169 | 96324830 | 79 | 31 | 60.57 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 18340641 | 18340641 | 18340641 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 515 | 1588686 | 1589201 | 1588031 | 1170 |
| ആകെ | 515 | 19929327 | 19929842 | 19928672 | 1170 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹ 37,30,700 | 357 |
| വിധവാ പെൻഷൻ | ₹1,75,35,900 | 1631 |
| വാർദ്ധക്യകാല പെൻഷൻ | ₹3,70,68,000 | 3553 |
| വികലാംഗപെൻഷൻ | ₹ 58,55,500 | 543 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹3,47,200 | 35 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.09.2023-ൽ 3.00 പി.എം ന് സ്ഥാപന മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹57,596/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 05.06.2021 മുതൽ 06.06.2021 വരെ | 01.08.2020 മുതൽ 30.09.2020 വരെ | 16.11.2021 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.02.2018 മുതൽ 26.02.2018 വരെ | 2012-13 മുതൽ 2016-17 വരെ | 16.04.2018 |

## 1-10 ആഭ്യന്തര നിയന്ത്രണം

ചുവടെ ചേർക്കുന്ന പരാമർശങ്ങളിൽ അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു

1) വൗച്ചറുകളുടെ/ ബിൽ രജിസ്റ്ററിന്റെ പരിപാലനം
2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 34 പ്രകാരം പണം നൽകുമ്പോൾ പണം കിട്ടേണ്ട ആളിന്റെ സൗകര്യാർത്ഥം ക്യാഷ്, ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ്, ബാങ്കേഴ്സ് ചെക്ക്, എന്നിവ മുഖാന്തിരമോ മറ്റ് ഇലക്ട്രോണിക് സംവിധാനം മുഖേനയോ പണം കിട്ടേണ്ട ആളിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തോ നിലവിലുള്ള ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി നൽകാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പണം കൈമാറുന്ന ഇടപാടുകളിൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വ്യക്തമാക്കുന്ന ബാങ്ക് പാസ്ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്, പണം കൈമാറിയതിന്റെ യു.ടി.ആർ സ്റ്റേറ്റ്മെന്റ് എന്നിവ തനത് ഫണ്ട് വൗച്ചറുകൾക്കൊപ്പമോ ILGMS സംവിധാനത്തിലോ സൂക്ഷിക്കുന്നില്ല. സെൽഫ് ചെക്ക് മുഖേന ക്യാഷ് പിൻവലിച്ച് ക്യാഷ് പേയ്മെന്റ് നടത്തുന്ന സാഹചര്യങ്ങളിൽ ഓരോ ക്യാഷ് പേയ്മെന്റ് വൗച്ചറിലും ലഭിക്കുന്ന വ്യക്തി "കിട്ടി ബോധിച്ചു" എന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്(കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ ചട്ടം 42(1)). എന്നാൽ മേൽ പ്രകാരമുള്ള രസീത് പല വൗച്ചറുകൾക്കൊപ്പവും സൂക്ഷിക്കുന്നില്ല. മേൽ അപാകതകൾ കാരണം പണം നൽകലിന്റെ കൃത്യത ഉറപ്പാക്കാൻ കഴിയില്ല.

2) രസീതുകളിൽ Certificate Of Count രേഖപ്പെടുത്തിയിട്ടില്ല. Out Door Collection Register സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3) പൊതുടാപ്പകളുടെയും,തെരുവുവിളക്കുകളുടെയും എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.
4) മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ അപൂർണ്ണമാണ്.
5) ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.
6) പൊതുമരാമത്ത് പ്രവൃത്തികൾ പലതും ഒരേ പ്രവൃത്തിതന്നെ വിവിധ പ്രോജക്ടുകളായി നടപ്പാക്കുന്നു. കൂടാതെ എം എൻ ആർ ഇ ജി എസ് ഫണ്ടും മറ്റ് ഫണ്ടുകളും ഉപയോഗിച്ച് പ്രവൃത്തി നടപ്പാക്കുമ്പോൾ ഫയലുകളിൽ വ്യക്തമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.
7) വി.ഇ.ഒ നടപ്പാക്കിയ പദ്ധതികളിലെ ഗുണഭോക്താക്കളുടെ അർഹതാ ലിസ്റ്റ് ലഭ്യമാക്കിയില്ല. പഞ്ചായത്തിൽ നിന്നും ലഭ്യമായ കമ്മിറ്റി അംഗീകരിച്ച മുൻഗണന ലിസ്റ്റ് ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
മേൽ പരാമർശങ്ങളിൽ അപാകതകൾ ഒഴിവാക്കുവാൻ അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 തനത് വരുമാനം- അവലോകനം

21 വാർഡുകളിലായി വ്യാപിച്ച് കിടക്കുന്ന എടത്തല ഗ്രാമപഞ്ചായത്തിന് മെച്ചപ്പെട്ട തനത് വരുമാനം നിലവിലുണ്ട്. എന്നാൽ ജനസാന്ദ്രതയിലും കച്ചവട /വ്യവസായ സ്ഥാപനങ്ങളുടെ എണ്ണത്തിലും എറണാകുളം ജില്ലയിൽ മുന്നിട്ടു നിൽക്കുന്ന ഒരു പഞ്ചായത്ത് എന്ന നിലയിൽ നികുതികൾ, ഫീസുകൾ എന്നിവ പിരിച്ചെടുക്കുന്നതിൽ കുറവുകളുള്ളതായും ഓഡിറ്റിന്റെ പരിശോധനയിൽ കാണുന്നുണ്ട്. തനതുവരുമാനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, വാടക, ലൈസൻസ് ഫീസുകൾ, തുടങ്ങിയ നികുതി- നികുതിയേതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1)സേവന ഉപനികുതി ചുമത്തൽ

2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

### 2)ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്

2022-23 സാമ്പത്തികവർഷം ആകെ 730 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നുവെന്നോ ആയവ അടുത്തവർഷം ലൈസൻസ് ഫീസ് ഒടുക്കി പുതുക്കുന്നുണ്ടോ എന്ന് വീക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ പഞ്ചായത്തിലുള്ളതായി കാണുന്നില്ല. സഞ്ചയ പ്രകാരം ധാരാളം വാണിജ്യ കെട്ടിടങ്ങൾ പഞ്ചായത്തിൽ വസ്തുനികുതി അടവാക്കുന്നുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഇവയിൽ പല കെട്ടിടങ്ങളും ലൈസൻസ് എടുത്തവയല്ല. നിലവിൽ ടി കെട്ടിടങ്ങൾ ഒഴിഞ്ഞു കിടക്കുന്നവയാണോ അതോ എന്തെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ ഇവിടങ്ങളിൽ നടത്തുന്നുണ്ടോ എന്നുള്ള വിവരങ്ങൾ അന്വേഷിക്കുന്നതിന് വാർഡ് മെമ്പർമാർ ഉൾപ്പെടെയുള്ള കമ്മിറ്റി രൂപീകരിച്ച് ഫീൽഡ് പരിശോധന നടത്തി ഉറപ്പു വരുത്താവുന്നതാണ്. മാത്രമല്ല പഞ്ചായത്തിന്റെ 5-ാം വാർഡിൽ ഒരു ഇൻഡസ്ട്രിയൽ ഏരിയ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് പഞ്ചായത്തിലില്ല. ആകെ 60 സ്ഥാപനങ്ങൾ മാത്രമേ IFTE&OS ലൈസൻസ് എടുത്തിട്ടുള്ളൂ. മുഴുവൻ സ്ഥാപനങ്ങൾക്കും പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വസ്തുനികുതിയുടെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം വാർഡ് 5 ലെ മുൻവർഷ അരിയർ ഇനത്തിൽ 6,61,092/- രൂപയും തൻവർഷ അരിയർ ആയി 4,44,335/- രൂപയും ഉൾപ്പെടെ ആകെ 11,05,427/- രൂപ വസ്തുനികുതി കുടിശ്ശിക ഉള്ളതായി കാണുന്നു. ഇവിടെ പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിടങ്ങളും യഥാസമയം വസ്തുനികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

### 3)പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതിന്റെ പ്രാധാന്യം

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ (G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21 പ്രകാരം 2 നില വരെയുള്ള താമസ കെട്ടിടങ്ങളും 50 ച.മീ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും ഗ്രൂപ്പ് G1, G2, I എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനും ഇപ്രകാരം പഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനം നഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പാക്കാനും സാധിക്കുന്നതാണ്. ഇപ്രകാരം പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്.

### 4)കെട്ടിടങ്ങൾ വാടകക്ക് നൽകൽ

പഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം കെട്ടിടങ്ങൾ വാടകക്ക് നൽകിയ ഇനത്തിൽ വരവൊന്നും തന്നെ ഉള്ളതായി കാണുന്നില്ല. എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന പോലീസ് സ്റ്റേഷൻ, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ നിന്ന് വാടക ഈടാക്കുവാനും വാടക നിശ്ചയിച്ച് നൽകുവാൻ അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തിയതായും 21.11.2019 തീയതിയിൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതായി കാണുന്നുണ്ട്. (തീരുമാനം.നമ്പർ-6(3). ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മറ്റൊരു കെട്ടിടത്തിൽ (നം.V/119-A) പ്രവർത്തിക്കുന്ന അമൃതം ഫുഡ് സപ്ലിമെന്റ് എന്ന സ്ഥാപനത്തിൽ നിന്നും വാടക ലഭിക്കുന്നതായി കാണുന്നില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും വാടകക്ക് നൽകി വരുമാന വർദ്ധനവിനുതകുന്നതുമായ കെട്ടിടങ്ങൾ നിലവിലുണ്ടോ എന്ന് പരിശോധിക്കേണ്ടതും ആയതിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതുമാണ്.

5) തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

പഞ്ചായത്തിലെ Employees Profession Tax ഇനത്തിൽ ലഭ്യമാകുന്ന വരുമാനത്തിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിലൂടെ ഇതിലൂടെയുള്ള വരുമാന നഷ്ടം ഒഴിവാക്കാവുന്നതാണ്. ഇത്തരത്തിൽ വരുമാന നഷ്ടം ഉണ്ടായത് സംബന്ധിച്ച് ഖണ്ഡിക 1-12 ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ലൈസൻസെടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും പഞ്ചായത്ത് ഈടാക്കി കാണുന്നില്ല(ഖ.1-13). തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

1-12 തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകതകൾ

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ സമർപ്പിച്ചിരിക്കുന്ന ജീവനക്കാരുടെ ശമ്പള നിർണ്ണയ പത്രികകളിൽ അപാകതകളുള്ളതായി കാണുന്നു. അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നം.11/23.09.2023 ന് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് താഴെപ്പറയുന്ന പരാമർശങ്ങൾ ചേർത്തിട്ടുള്ളത്.

1]Grey Matter (1st& 2nd Half)

| ജീവനക്കാരുടെ പേര് | ഒരു മാസത്തെ അടിസ്ഥാന ശമ്പളം | റിട്ടേൺസ് പ്രകാരം കാണിച്ചിരിക്കുന്ന അർദ്ധവാർഷിക വരുമാനം | 6 മാസത്തെ ആകെ വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി |
|---|---|---|---|---|---|
| Sajith K B (Process Associate) | 16795 | 85802 | 16795 X 6 =100770 | 750 | 1000 |
| Muhammed Aneez TA (“) | 20139 | 70855 | 20139 X 6= 120834 | 600 | 1000 |
| Vysakhan.p (“) | 14589 | 57878 | 14589X6=87534 | 450 | 750 |

II]KPB Nidhi L

| പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി/ രസീത് നം | ഈടാക്കേണ്ടത് |
|---|---|---|---|
| ഐശ്വര്യ വി കണ്ണൻ, ബിസിനസ് അസിസ്റ്റന്റ് | 88800 | 600/- (1220300563/14.09.2022) | 750 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് കുറവ് വന്ന തുക അടവാക്കുന്നതിന് സ്ഥാപനത്തിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്.ആയത് ഈടാക്കി അറിയിക്കേണ്ടതാണ്. വ്യക്തമായ നഷ്ടം സംബന്ധിച്ച വിവരങ്ങൾ ഭാഗം.2.1 ൽ ചേർത്തിട്ടുണ്ട്.

III]Agro Indus Credits L

| പേര് | അടിസ്ഥാന ശമ്പളം | ഈടാക്കിയ തൊഴിൽ നികുതി |
|---|---|---|
| ഫസ്ന ഷംസുദ്ദീൻ (CSE) | 12000 | 300 |
| ഫാഹിം താജുദ്ദീൻ (CSE) | 12000 | 300 |

മേൽ സൂചിപ്പിച്ചിരിക്കുന്ന ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളമാണോ പത്രികയിൽ സൂചിപ്പിച്ചിരിക്കുന്നത് എന്നത് സംബന്ധിച്ച അന്വേഷണത്തിന് ഒരു മാസത്തെ ശമ്പളമാണ് പത്രികയിൽ കാണിച്ചിട്ടുള്ളതെന്നും യഥാർത്ഥത്തിൽ അടവാക്കേണ്ട തുകയായ 600/- രൂപയിൽ കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

IV] Kosamattam Finance L

| പേര് | അടിസ്ഥാന ശമ്പളം | ഈടാക്കിയ തൊഴിൽ നികുതി |
|---|---|---|
| ആന്റണി ജോർജ് (BM) | 25000 | 180 |
| മിന്റു ജോയ് (BE) | 12000 | 120 |
| ലിയ ആന്റണി(BE) | 11500 | 120 |

മേൽ ജീവനക്കാരുടെ 1 മാസത്തെ ശമ്പളമാണോ 6 മാസത്തെ ശമ്പളമാണോ പത്രികയിൽ കാണിച്ചിരിക്കുന്നത് എന്നതിൽ അവ്യക്തതയുണ്ട്. ഒരു മാസത്തെ ആണെങ്കിൽ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

V]Abdulla Haji Ahammed Sait Memorial KMEA Al-Manar HSS,kuzhivelipady

പ്രിൻസിപ്പലിന്റെ 6 മാസത്തെ ശമ്പളം 59214/- എന്ന് കാണിച്ച് ആകെ 450/- രൂപയും ബാക്കി 24 അദ്ധ്യാപകരിൽ നിന്ന് വെറും 180/- രൂപയും മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്. അദ്ധ്യാപകരിൽ നിന്നും ഇത്രയും കുറവ് തൊഴിൽ നികുതി ഈടാക്കിയതിന്റെ കാരണം ആരാഞ്ഞതിന് ടി സ്കൂൾ അൺ-എയിഡഡ് സ്കൂൾ ആയതിനാൽ അവരുടെ ശമ്പളത്തിനനുസൃതമായ തുക തന്നെയാണ് അടവാക്കിയിരിക്കുന്നത് എന്ന് അറിയിച്ചു. പത്രികയിൽ അടിസ്ഥാന ശമ്പളം, മറ്റ് അലവൻസുകൾ എന്നിവ വ്യക്തമാക്കിയിരിക്കേണ്ടതും അതനുസരിച്ച് അർദ്ധവാർഷികവരുമാനം കണക്കാക്കാൻ സാധിക്കുന്ന വിധത്തിലുമായിരിക്കണം പത്രികകൾ സ്വീകരിക്കേണ്ടത് എന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

VI]ചില സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കിയിരിക്കുന്ന പത്രികയിൽ വരുമാനം രേഖപ്പെടുത്തിയിട്ട് പോലും ഇല്ല. ഉദാ.st.George Public School ലെ ഹെഡ് മിസ്ട്രസിന്റെയും ബാക്കി 14 അദ്ധ്യാപകരുടേയും തൊഴിൽ നികുതി 180/- രൂപ മാത്രമാണ് ഈടാക്കിയിരിക്കുന്നത്. ശമ്പളം രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് സെന്റ്.ജോർജ് സ്കൂളിന് കത്ത് നൽകിയിട്ടുണ്ടെന്നും തുകയിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതുമാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

VII]Justkare Technologies (P)L

Senu Sam, CEO യുടെ ആകെ വേതനം 39167/- രൂപ രേഖപ്പെടുത്തി 300/- രൂപ മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയത്. ഇത് 6 മാസത്തെ ശമ്പളമാണോ ഒരു മാസത്തെ ശമ്പളമാണോ എന്ന് വ്യക്തത വരുത്തേണ്ടതാണ്. ഈ സ്ഥാപനത്തിലെ ബാക്കി ജീവനക്കാരിൽ നിന്നും 180/-, 300/-, 120/- എന്നീ നിരക്കുകളിലാണ് നികുതി ഈടാക്കി കാണുന്നത്. എന്നാൽ 6 മാസത്തെ ശമ്പളമാണോ പത്രികയിൽ കാണിച്ചിരിക്കുന്നത് എന്നത് സംബന്ധിച്ച് വ്യക്തതക്ക് സ്ഥാപനത്തിന് കത്ത് നൽകിയതായും കുറവ് വന്നിട്ടുണ്ടെങ്കിൽ തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതുമാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ശമ്പള നിർണ്ണയ പത്രികകളിൽ സൂചിപ്പിച്ചിരിക്കുന്ന വരുമാനം ഒരു മാസത്തെ ആണോ 6 മാസത്തെ ആണോ എന്ന് പല പത്രികകളിലും വ്യക്തതയില്ലാത്തതായി കാണുന്നു.അടിസ്ഥാന ശമ്പളം, മറ്റ് അലവൻസുകൾ എന്നിവ കൃത്യമായി രേഖപ്പെടുത്തിയ വരുമാന പത്രികകൾ മാത്രമേ പഞ്ചായത്ത് സ്വീകരിക്കാൻ പാടുള്ളൂ. നികുതി നിർണ്ണയ പത്രികകൾ സൂക്ഷ്മ പരിശോധന നടത്തി ആയതിന്റെ നിജസ്ഥിതി അന്വേഷിച്ച് നികുതി അടയ്ക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്.

II]പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

A) ഓഡിറ്റോറിയങ്ങൾ

| | | |
|---|---|---|
| 1 | കെ.എം.ജെ കൺവെൻഷൻ സെന്റർ | വാർഡ് 14 |
| 2 | ഹൈനസ് ഓഡിറ്റോറിയം | വാർഡ് 8 |
| 3 | സെന്റ് പയസ് ചർച്ച് ഓഡിറ്റോറിയം | വാർഡ് 3 |
| 4 | മഹാറാണി ഓഡിറ്റോറിയം | വാർഡ്-4 |
| 5 | രാജീവ്ഗാന്ധി സഹകരണ ഓഡിറ്റോറിയം | വാർഡ്-17 |

B)ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

| | |
|---|---|
| 1 | എടത്തല ക്ഷീരോല്പാദക സഹകരണസംഘം ലി.നം-ഇ 107(ഡി)APCOS |
| 2 | മുകളാർകടി ക്ഷീരോല്പാദക സഹകരണസംഘം ലി. നം.-ഇ 332(ഡി) APCOS |

| | |
|---|---|
| 3 | നൊച്ചിമ ക്ഷീരോല്പാദക സഹകരണസംഘം ലി.നം.-ഇ 237(ഡി) APCOS |

C) റേഷൻ കടകളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
D) Gods Own Public School എന്ന സ്കൂളിലെ ജീവനക്കാർ, തൻവർഷം പഞ്ചായത്തിലെ മരാമത്ത് വേലകൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നം.32/27.09.2023 ന് ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ നിന്ന് 2022-23 വർഷത്തെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

III]രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

1)രജിസ്റ്ററിൽ സ്ഥാപനങ്ങളുടെ ഇൻഡക്സ് എഴുതി സൂക്ഷിച്ചിട്ടില്ല.

2) സ്ഥാപനങ്ങളുടെ പേരിനൊപ്പം കെട്ടിട നമ്പർ കൂടെ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-13 ലൈസൻസെടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം സ്കൂളുകൾ, ആശുപത്രികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ ആകെ 94 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ അപേക്ഷകളിൽ അവിടങ്ങളിൽ തൊഴിലെടുക്കുന്ന ആളുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി തൊഴിലാളികളിൽ നിന്ന് ബാധകമായ നിരക്കിലുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ വരുമാന പത്രികകൾ വാങ്ങി സൂക്ഷിച്ച് തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | Aster Labs | 14/475D | 2 |
| 2 | NVS Agencies | 14/41 C | 4 |
| 3 | Home Devices(P)L | 21/590 A | 3 |
| 4 | Ammoos Garments | 7/584 | 3 |
| 5 | Global Hollowbricks | 5/721 | 6 |
| 6 | Kurishinkal Hardwares | 2/294 | 3 |
| 7 | Orient Electric L | 21/704/A | 10 |
| 8 | LPG Gas Stock Centre | 5/596 | 4 |
| 9 | Paul & Company | 21/726 A | 7 |
| 10 | AB Mavri India (P)L | 20/153 B | 9 |
| 11 | V Care Dental Clinic | 15/618 A | 2 |
| 12 | Sabros | 5/451 A | 10 |
| 13 | Thuruthummal Metal Traders | 6/488 | 5 |
| 14 | Cherukara Industries | 21/590 | 9 |
| 15 | Star Impact | 8/237 B | 4 |
| 16 | Greenland Builders | 16/371 G | 3 |
| 17 | Galaxy Polymers | 17/699 | 5 |
| 18 | Hygiene Care | 10/294/D | 5 |
| 19 | Supreme Enterprises | 16/371/E | 4 |
| 20 | Malayalam Ayurvedic Herbal Products | 17/98 | 8 |
| 21 | M.K.M Sons Granites | 5/348 A | 3 |
| 22 | Samridhi Stores | 12/354-356 | 4 |
| 23 | George Products (P)L | 15/510 | 4 |
| 24 | Friends Engineers | 15/509 | 3 |
| 25 | Green Natural Extracts (P)L | 3/348 | 45 |

| | | | |
|---|---|---|---|
| 26 | Lens Care Opticals | 1/317-318 | 3 |
| 27 | Dr.shaheen Sait's Homoeopathic Dispensary & Research Zone | 8/320 A | 3 |
| 28 | Door Tek | 9/248 | 4 |
| 29 | Deeyes Marketing | 8/145/A | 10 |
| 30 | Ansar Saw Mill | 1/285 | 4 |
| 31 | SV Pharmacy & Nursing Home | 1/351 | 3 |
| 32 | SSK Polymers | 21/726,728,729 | 9 |
| 33 | AH Industries | 7/532 | 15 |
| 34 | UTECH Packaged Drinking Water | 5/193 | 9 |
| 35 | Micro Meditex (P)L | 21/292 | 8 |
| 36 | Great Made Food Products | 1/601 | 3 |
| 37 | Howling Wolf Craft Tech | 20/130 | 3 |
| 38 | Supplyco ,Kombara | 20/660 | 6 |
| 39 | Supplyco,choondy | 2/411/K | 5 |
| 40 | TBAS Construction | 9/136 | 8 |
| 41 | KEI Industries | 18/555,556 | 13 |
| 42 | Amrutham Food Suppliment | 5/119 A | 9 |
| 43 | SIEG Pavers (P)L | 21/213/A | 8 |
| 44 | W Kerala Waste Management | 15/624 B | 9 |
| 45 | Mezhukkattil Enterprises | 6/541-543 | 4 |
| 46 | Flying Shark (P)L | 11/418 B | 3 |
| 47 | Hotel JP Park | 3/627A | 5 |
| 48 | Crescent Crumbs (P)L | 5/347 | 20 |
| 49 | Quality Auto Care Workshop | 1/310 C | 3 |

പരിശോധിച്ച ഏതാനും അപേക്ഷകളിൽ നിന്നുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഇപ്രകാരം ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.14/24.09.2023 ന് മേൽ ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി സ്ഥിരമായി ജീവനക്കാരുണ്ടെങ്കിൽ അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസിനുള്ള മുഴുവൻ അപേക്ഷകളും പരിശോധിച്ച് അതിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ വരുമാന പത്രികകൾ സ്വീകരിച്ച് ബാധകമായ തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസ് - രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ

IFTE&OS ലൈസൻസ് അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയോ വർഷാവർഷം കാലികമാക്കുകയോ ചെയ്യുന്നതായി കാണുന്നില്ല. ലൈസൻസ് എടുക്കുന്നവരുടെയും പുതുക്കുന്നവരുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ മാത്രമാണ് പഞ്ചായത്തിലുള്ളത്. ഇത് പ്രകാരം 2022-23 വർഷത്തിലേക്ക് ലൈസൻസ് എടുത്തിട്ടുള്ളത് ആകെ 730 സ്ഥാപനങ്ങളാണ്. എല്ലാ സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഓഡിറ്റിൽ പരിശോധിക്കാൻ സാധിക്കുന്ന സംവിധാനം പഞ്ചായത്തിലില്ല. ലൈസൻസെടുത്ത സ്ഥാപനങ്ങളെ മാത്രം ഉൾപ്പെടുത്തിയ ഒരു ട്രേഡേഴ്സ് ലിസ്റ്റ് ആണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.14/24.09.2023) മറുപടിയായി ലഭ്യമാക്കിയത്. ഇൻഡസ്ട്രിയൽ ഏരിയ ഉൾപ്പെടെ 21 വാർഡുകളുള്ള പഞ്ചായത്തിൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടോ എന്നും എടുക്കുന്നവ

യഥാസമയം ആയത് പുതുക്കുന്നുണ്ടോ എന്നും വീക്ഷിക്കുന്നതിനായി പഞ്ചായത്ത് വാർഡ് തിരിച്ച് ഒരു ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി ഓഡിറ്റിന് ഹാജരാക്കേണ്ടതും വർഷാവർഷം കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

2) ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ) ചട്ടം 6 പ്രകാരം ഒരു ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുവാനോ അതിനു വേണ്ടിയുള്ള കെട്ടിടമോ ഷെഡ്ഡോ നിർമ്മിക്കുവാനോ പഞ്ചായത്തിൽ നിന്നുള്ള അനുമതിക്കായി ഫാറം 1 ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്.ഇപ്രകാരം അനുമതി ലഭിച്ച ഏതൊരാളും ചട്ടം 7 പ്രകാരം ഫാം നടത്തുന്നതിനുള്ള ലൈസൻസിനായി ഫാറം 2 ൽ അപേക്ഷ നൽകേണ്ടതും ഫാമിന്റെ തരത്തിനനുസരിച്ച് 3-ാം ഉപചട്ടത്തിലെ പട്ടിക പ്രകാരമുള്ള ലൈസൻസ് ഫീസ് ഒടുക്കേണ്ടതുമാണ്.ചട്ടം 7(2) പ്രകാരം അനുവദിക്കപ്പെടുന്ന ലൈസൻസുകളുടെ വിവരം ഇതിനായി സൂക്ഷിച്ചുപോരുന്ന ഒരു രജിസ്റ്ററിൽ സെക്രട്ടറി എഴുതി സാക്ഷ്യപ്പെടുത്തേണ്ടതാണ്. IFTE&OS ലൈസൻസ് രജിസ്റ്റർ പ്രകാരം കെട്ടിട നം.8/483A,484 എന്നീ കെട്ടിട നമ്പറിൽ ശ്രീ.ടി.പി.സെയ്തുമുഹമ്മദ് എന്ന വ്യക്തിക്ക് പൌൾട്രി ഫാം നടത്തുന്നതിന് ലൈസൻസ് നൽകിയതായി കാണുന്നു(ബിസ്മി ചിക്കൻ ഫാം&ഹാച്ചറി). ടി ഫാം നടത്തുന്നതിന് ചട്ട പ്രകാരമുള്ള അപേക്ഷ വാങ്ങി ഫാമിന്റെ തരം നിശ്ചയിച്ച് ലൈവ് സ്റ്റോക്ക് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നും എടത്തല പഞ്ചായത്ത് പരിധിയിൽ എത്ര ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നതിന് ഇപ്രകാരം അനുമതി നൽകിയിട്ടുണ്ടെന്നും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിൽ പരിശോധനക്ക് ഹാജരാക്കാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം.29/17.09.2023)ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിൽ ഇപ്രകാരമുള്ള അപേക്ഷകൾ വന്നിട്ടില്ലെന്നും ലൈവ് സ്റ്റോക്ക് ലൈസൻസ് രജിസ്റ്റർ ഇതുവരെ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലെന്നുമാണ് അറിയിച്ചത്. മേൽ സ്ഥാപനത്തിൽ നിന്ന് ചട്ടപ്രകാരമുള്ള അപേക്ഷ വാങ്ങി ലൈസൻസ് അനുവദിക്കുന്നതാണെന്നും ഇനി അപേക്ഷകൾ വരുന്ന മുറയ്ക്ക് മേൽ ചട്ട പ്രകാരമുള്ള അപേക്ഷ പ്രത്യേകം വാങ്ങി ബാധകമായ ഫീസ് ചുമത്തി ലൈസൻസ് അനുവദിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ലൈവ് സ്റ്റോക്ക് ഫാമുകളിൽ നിന്ന് ചട്ടപ്രകാരം അപേക്ഷ സ്വീകരിച്ച് ലൈസൻസ് അനുവദിക്കേണ്ടതും അവയ്ക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

പാരാമെഡിക്കൽ, ട്യൂട്ടോറിയൽ എന്നിവയുടെ ലൈസൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

3)1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പുതുക്കുന്ന സംഗതിയിൽ അതു സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. 2022-23 വർഷത്തെ ടി ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ 1100/- രൂപ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭ്യമായതായി കാണുന്നു. പഞ്ചായത്തിൽ ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.29/27.09.2023)ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിൽ സൂക്ഷിച്ചിരുന്ന പാരാമെഡിക്കൽ രജിസ്റ്റർ കണ്ടെത്താൻ സാധിക്കാതെ പോയെന്നും 2023-24 സാമ്പത്തികവർഷം മുതൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെട്ട രജിസ്റ്റർ എഴുതി സൂക്ഷിച്ച് പോരുന്നുണ്ടെന്നുമാണ്. ചട്ടപ്രകാരമുള്ള വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നതിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

4)1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(6) പ്രകാരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 പ്രകാരമുള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ചട്ടം 5 പ്രകാരം 50/- രൂപ പുതുക്കൽ ഫീസ് വാങ്ങി അടുത്ത സാമ്പത്തികവർഷത്തിനു മുൻപേ ലൈസൻസ് പുതുക്കി നൽകേണ്ടതുമാണ്. 2022-23 സാമ്പത്തികവർഷം അക്കൗണ്ട്സ് പ്രകാരം ആകെ 200/- രൂപ മാത്രമാണ് വരവുള്ളത്. എടത്തല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ വിവരം അടങ്ങിയ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ മേൽ എൻക്വയറിക്കു തൻവർഷം ഒരു സ്ഥാപനം മാത്രമാണ് (കേരള ശരീഅത്ത് അക്കാഡമി) ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ചെയ്തിട്ടുള്ളത് എന്നാണ് അറിയിച്ചത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങളെയും കണ്ടെത്തി രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 വസ്തു നികുതി കുടിശ്ശിക

1)അനധികൃത കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക 15059/- രൂപ ഈടാക്കിയില്ല

ശ്രീമതി.മീര ലോഹിതാക്ഷൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 13/300/B-U.A എന്ന നമ്പറിൽ അനധികൃത കെട്ടിടത്തിനുള്ള നമ്പറിട്ട് നൽകിയിട്ടുള്ള കെട്ടിടത്തിന്റെ 2018-19 ഒന്നാം അർദ്ധവർഷം മുതലുള്ള വസ്തു നികുതി ഈടാക്കാത്തതായി കാണുന്നു. ടി കെട്ടിടത്തിന്റെ അർദ്ധവാർഷിക വസ്തു നികുതി 1185 രൂപയാണ്. നിലവിൽ 15059 രൂപ കുടിശ്ശികയുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും )ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതു വരെ കെട്ടിട ഉടമ വസ്തുനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/27.09.2023) കുടിശ്ശിക അടക്കുന്നതിന് ടിയാൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയതായും തുടർന്ന് വരുന്ന ക്യാമ്പ് കളക്ഷനിൽ കുടിശ്ശിക തുകകൾ പൂർണ്ണമായും പിരിച്ചെടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി ഓഡിറ്റിൽ രേഖകളോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

2)മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറിൽ നിന്ന് വസ്തു നികുതി ഈടാക്കാതെ താഴെപ്പറയും പ്രകാരം കുടിശ്ശികയുള്ളതായി കാണുന്നു.

| കെട്ടിട നം | ടവറിന്റെ പേര് | അർദ്ധവാർഷിക വസ്തുനികുതി | കുടിശ്ശിക കാലയളവ് | നിലവിലെ ആകെ കുടിശ്ശിക |
|---|---|---|---|---|
| 2/80 | Reliance Communication | 3420 | 2012-13 മുതൽ | 79638/- രൂ |

കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.25/26.09.2023 ന് ലഭ്യമാക്കിയ മറുപടിയിൽ റിലയൻസ് കമ്മ്യൂണിക്കേഷന് കുടിശ്ശിക അടക്കാൻ നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. അടവാക്കുന്ന മുറയ്ക്ക് രസീതിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

1-16 തെറ്റായ ഉപയോഗ ക്രമത്തിൽ വസ്തു നികുതി നിർണ്ണയിച്ചു

പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള പല കെട്ടിടങ്ങൾക്കും തെറ്റായ ഉപയോഗ ക്രമത്തിൽ നികുതി നിർണ്ണയിക്കപ്പെട്ടിരിക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

1)സാലി തോമസ് എന്ന വ്യക്തിയുടെ പേരിൽ സുപ്രീം പെയിന്റ്സ് ആന്റ് കെമിക്കൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് 15/586, 587 എന്നീ കെട്ടിടങ്ങളിൽ വ്യാപാരം നടത്തുന്നതിന് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം 15/586 എന്ന കെട്ടിടത്തിന് വീടുകൾ എന്ന ഗണത്തിൽ പെടുത്തി (20 ച.മീ വിസ്തീർണ്ണം) ച.മീ ന് 6 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. 15/587 നമ്പർ കെട്ടിടം ഇതര വ്യവസായഗണത്തിൽ ഉൾപ്പെടുത്തി (ച.മീ ന് 50/- രൂപ നിരക്കിൽ) നികുതി നിശ്ചയിച്ചിട്ടുണ്ട്. 15/586 -ാം നമ്പർ കെട്ടിടത്തിന് ഉപയോഗക്രമമനുസരിച്ച് നികുതി നിർണ്ണയിക്കാത്തതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.1/22.09.2023 ന് ലഭ്യമാക്കിയ മറുപടിയിൽ പിഴവ് തിരുത്തുന്നതിന് അപേക്ഷകന് കത്ത് നൽകിയതിന്റെ കോപ്പി ഹാജരാക്കിയിട്ടുണ്ട്. കൂടാതെ ടി കെട്ടിടത്തിന്റെ ഉപയോഗ ക്രമം മാറ്റി നികുതി പുനർ നിർണ്ണയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 15/586 -ാം നമ്പർ കെട്ടിടത്തിന് എന്നു മുതൽക്കാണോ വ്യവസായത്തിന് ലൈസൻസ് നൽകിയത് അന്നുമുതൽക്കുള്ള (ച.മീ ന് 50/- രൂപ നിരക്കിൽ) നികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)ലൈസൻസ് രജിസ്റ്റർ നം.217 പ്രകാരം 8/483A നമ്പർ കെട്ടിടത്തിൽ പൌൾട്രി ഫാം നടത്തുന്നതിന് അനുമതി നൽകിയിരിക്കുന്നു. സഞ്ചയ പ്രകാരം ടി കെട്ടിടത്തിന്റെ വിസ്തീർണ്ണം 111.33 ച.മീ ആണ്. എന്നാൽ ഇത് 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഷോപ്പുകളിൽ ഉൾപ്പെടുത്തി ച.മീ ന് 40/- രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. 100 ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ള മേൽ കെട്ടിടത്തിന് അതിൽ പ്രവർത്തിക്കുന്ന വ്യാപാരത്തിന്റെ സ്വഭാവം അനുസരിച്ച് ബാധകമായ ഉപയോഗ ക്രമത്തിൽ വസ്തുനികുതി പുനർ നിർണ്ണയിച്ച് അറിയിക്കേണ്ടതാണ്.

1-17 പാലിയേറ്റീവ് കെയർ - മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | S001/23, പാലിയേറ്റീവ് കെയർ |
| അടങ്കൽ, ഫണ്ട് | 1) ₹6,50,000/- (വികസന ഫണ്ട് - ജനറൽ)<br>2) ₹50,000/- (തനത് ഫണ്ട്)<br>ആകെ -₹ 7,00,000/- |
| ചെലവ് | 1) ₹6,50,000/- (വികസന ഫണ്ട് - ജനറൽ)<br>2) ₹47,958/- (തനത് ഫണ്ട്)<br>ആകെ - ₹697958/- |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി എടത്തല |

കിടപ്പ് രോഗികൾക്ക് സാന്ത്വന പരിചരണം നൽകുക വഴി പഞ്ചായത്തിലെ ഒട്ടേറെ രോഗികൾക്ക് ആശ്വാസം ലഭിക്കുന്നതിനായി നടപ്പാക്കുന്ന പാലിയേറ്റീവ് പദ്ധതി മുഖേന താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്.

1) ബിൽ നം.22110452009700621520/10.10.2022 (വികസന ഫണ്ട്)പ്രകാരം 52890/- രൂപ KMSCL ന് നൽകി (പ്രഫോർമ ഇൻവോയ്സ് നം.PRF 1136/26.08.2022). താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം ആകെ 18279/- രൂപക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ട്.

| ക്രമ നം | ഇൻവോയ്സ് നം/തീയതി | തുക |
|---|---|---|
| 1 | 26018/01.03.2023 | 6911 |
| 2 | 13066/17.07.2023 | 11368 |
| | ആകെ | 18279 |

ബാക്കി 34611/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.
2) ബിൽ നം.22110452009700621509/10.10.2022 (വികസന ഫണ്ട്) പ്രകാരം 114050/- രൂപ KMSCL ന് നൽകി (പ്രഫോർമ ഇൻവോയ്സ് നം.PRF 1137/26.08.2022). ലഭ്യമാക്കിയ ഇൻവോയ്സുകൾ പ്രകാരം ആകെ 94993/- രൂപക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ട്.

| ക്രമ നം | ഇൻവോയ്സ് നം/തീയതി | തുക |
|---|---|---|
| 1 | 17048/14.11.2022 | 32586 |
| 2 | 17070/14.11.2022 | 6595 |
| 3 | 18879/25.11.2022 | 6991 |
| 4 | 26013/01.03.2023 | 11206 |
| 5 | 7673/03.06.2023 | 4632 |
| 6 | 6113/26.05.2023 | 2361 |
| 7 | 9235/15.06.2023 | 10497 |
| 8 | 15744/11.08.2023 | 20125 |
| | ആകെ | 94993 |

ബാക്കി 19057/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നം.5/23.09.2023 ന് മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ ബാക്കി മരുന്നുകൾ ലഭ്യമാക്കുന്നതിന് KMSCLലേക്ക് ഫോണിൽ വിളിക്കുകയും ഇ-മെയിൽ അയക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണെന്നാണ്. മരുന്നുകൾ പൂർണ്ണമായി ലഭ്യമാകുന്ന മുറയ്ക്ക് ബിൽ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതു വരെ ലഭ്യമാകാത്ത മരുന്നുകളുടെ ചെലവ് തുക 53668/- (34611 +19057)രൂപ തടസ്സത്തിൽ വെക്കുന്നു.

1-18 എഫ്.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി – മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

| പ്രോജക്ടിന്റെ നം, പേര് | S002/23, മരുന്ന് വാങ്ങൽ |
|---|---|
| അടങ്കൽ, ഫണ്ട് | 1)₹4,00,000/- (വികസന ഫണ്ട് - ജനറൽ)<br>2)₹2,00,000/- (തനത് ഫണ്ട്)<br>3)₹6,00,000/-(സംരക്ഷണ ഗ്രാന്റ്- റോഡിതരം)<br>ആകെ -₹ 12,00,000/- |
| ചെലവ് | 1)₹4,00,000/- (വികസന ഫണ്ട് - ജനറൽ)<br>2)₹1,99,995/- (തനത് ഫണ്ട്)<br>3)₹5,99,999/-(സംരക്ഷണ ഗ്രാന്റ്- റോഡിതരം)<br>ആകെ -₹11,99,994/- |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി എടത്തല |

1) മേൽ സൂചിപ്പിച്ച പ്രകാരം വിവിധ ഫണ്ടുകളുപയോഗിച്ച് എഫ്.എച്ച്.സി ക്ക് മരുന്ന് വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. ഇതിൽ സംരക്ഷണ ഗ്രാന്റിൽ നിന്ന് 350270/- രൂപ KMSCL ന്റെ പ്രഫോർമ ഇൻവോയ്സ് നം ( PRF 366/15.06.2022) പ്രകാരം നൽകിയിരുന്നു(ബിൽ നം. 22110452009700236339/28.06.2022). എന്നാൽ ഇതിൽ താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം ആകെ 3,11,832/- രൂപക്കുള്ള മരുന്നുകൾ മാത്രമാണ് സ്ഥാപനത്തിൽ ലഭ്യമായതായി കാണുന്നുള്ളൂ.

| ക്രമ നം | ഇൻവോയ്സ് നം/തീയതി | തുക |
|---|---|---|
| 1 | 6529/23.07.2022 | 24035 |
| 2 | 6527/23.07.2022 | 41685 |
| 3 | 7027/27.07.2022 | 34989 |

| | | |
|---|---|---|
| 4 | 10922/14.09.2022 | 33622 |
| 5 | 13814/14.10.2022 | 37212 |
| 6 | 18898/25.11.2022 | 3360 |
| 7 | 20878/21.12.2022 | 28599 |
| 8 | 21767/02.01.2023 | 22176 |
| 9 | 415/05.04.2023 | 8221 |
| 10 | 865/17.04.2023 | 5600 |
| 11 | 2207/06.05.2023 | 6160 |
| 12 | 2355/08.05.2023 | 34944 |
| 13 | 6321/27.05.2023 | 1264 |
| 14 | 8236/08.06.2023 | 6720 |
| 15 | 11432/04.07.2023 | 6216 |
| 16 | 14343/28.07.2023 | 9318 |
| 17 | 17184/25.08.2023 | 7711 |
| | ആകെ | 311832 |

ബാക്കി 38,438/- രൂപയുടെ മരുന്നുകൾ ലഭ്യമായില്ല.

2) സംരക്ഷണ ഗ്രാന്റിൽ നിന്നും 11492/- രൂപ KMSCL ന്റെ പ്രഫോർമ ഇൻവോയ്സ് (നം.PRF 3318/31.12.2022) പ്രകാരം പാസ്സായിരുന്ന (ബിൽ നം.2211045200970116 7547/09.02.2023). എന്നാൽ ഇതിൽ ആകെ 3099/- രൂപയുടെ മരുന്നുകളേ ലഭ്യമായതായി കാണുന്നുള്ളൂ.

| ക്രമ നം | ഇൻവോയ്സ് നം/തിയതി | തുക |
|---|---|---|
| 1 | 11242/01.07.2023 | 1965 |
| 2 | 17154/25.08.2023 | 1134 |
| | ആകെ | 3099 |

ബാക്കി 8393/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നം.2/22.09.2023 ന് മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ ബാക്കി മരുന്നുകൾ ലഭ്യമാക്കുന്നതിന് KMSCLലേക്ക് ഫോണിൽ വിളിക്കുകയും ഇ-മെയിൽ അയക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ പൂർണ്ണമായി ലഭ്യമാകുന്ന മുറയ്ക്ക് ബിൽ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതു വരെ ലഭ്യമാകാത്ത മരുന്നുകളുടെ ചെലവ് തുക 46831/- (38,438+8393) രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-19 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി – മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

നിർവ്വഹണ ഉദ്യോഗസ്ഥ:മെഡിക്കൽ ഓഫീസർ, ഹോമിയോ

1) ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം:4/23

അടങ്കൽ:250000/-മെയിന്റനൻസ് ഫണ്ട്(റോഡിതരം)
ചെലവ്:250000/-

| ബിൽ നം / തീയതി | തുക | മരുന്ന് ലഭ്യമായത്- ബിൽ നം / തീയതി/തുക | മരുന്ന് ലഭിക്കാൻ ബാക്കി നിൽക്കുന്നത് (തുക) |
|---|---|---|---|
| 330/ 5.3.23 | 250000/- (Invoice No. PF1232/22.2.23) | LF-1221/23-24 /4.9.23/ 103313/- | 146,687/- |
| | ആകെ ചെലവ് 250000/- | ആകെ ലഭിച്ചത്- 103313/- | ആകെ ലഭിക്കാൻ ബാക്കി നില്ക്കുന്നത് 146687/- |

2) മുതിരക്കോട്ടുമുകൾ ഹോമിയോ ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ.

പ്രോജക്ട് നം:9/23

അടങ്കൽ:100000/-മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ്:100000/-1.ബിൽ നം / തീയതി

| | തുക | മരുന്ന് ലഭ്യമായത്-ബിൽ നം / തീയതി/തുക | മരുന്ന് ലഭിക്കാൻ ബാക്കി നില്ക്കുന്നത് (തുക) |
|---|---|---|---|
| 348/ 9.3.23 | 100000/-(Invoice No. PF 1233/22.2.23 | 1.LF-1330/23, 24/12.9.23 67779/- | 32221/- |
| | ആകെ ചെലവ് 100000/- | ആകെ ലഭിച്ചത്- 67779/- | ആകെ ലഭിക്കാൻ ബാക്കി നില്ക്കുന്നത് 32221/- |

കേരളാ സംസ്ഥാന ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് സർവ്വീസ് (HOMCO) ന് മരുന്ന് ലഭ്യമാക്കുന്നതിനായി പ്രോജക്ട് നം:4/23 ൽ ഉൾപ്പെടുത്തി 250000/-രൂപയും, പ്രോജക്ട് നം:9/23 ൽ ഉൾപ്പെടുത്തി 100000/-രൂപയും നല്കിയിട്ടുണ്ട്. എന്നാൽ 103313/- രൂപയുടെയും,67779/- രൂപയുടെയും മരുന്ന് ആണ് ഫയലുകളും, സ്റ്റോക്ക് ബുക്കും പരിശോധിച്ചതിൽ ലഭ്യമാക്കിയതായി കാണുന്നത്. ഇനിയും ലഭിക്കാൻ ബാക്കി നില്ക്കുന്ന 178908/-(146687+32221) രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ വിവരം രേഖാ മൂലം അറിയിക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി 9/23.09.2023). ആയത് ലഭ്യമാക്കുന്നതു വരെ 178908/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-20 കോക്ളിയർ ഇംപ്ലാന്റിനു ശേഷമുള്ള കേൾവി സഹായി മെയിന്റനൻസ് പദ്ധതിയിലെ അപാകത

നിർവ്വഹണ ഉദ്യോഗസ്ഥ: ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രോജക്ടിന്റെ പേര് : കോക്ലിയർ ഇംപ്ലാന്റിനു ശേഷമുള്ള കേൾവിസഹായി മെയിന്റനൻസ്

പ്രോജക്ട് നം:242/23

അടങ്കൽ:200000/-വികസന ഫണ്ട്(പൊതു വിഭാഗം)

ചെലവ്:106887/-

| ബില്ല് നം | തുക |
|---|---|
| 1.276/06.02.2023 | 50000/- |
| 2.535/28.03.2023 | 21240/- |
| 3.537/28.03.2023 | 35647/- |
| ആകെ | 106887/- |

കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് തദ്ദേശ ഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കൾക്ക് ചെലവ് വന്ന തുക കേരള സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് ട്രാൻസ്ഫർ ചെയ്ത് അവർ വഴി വിതരണം ചെയ്യാനുള്ള പദ്ധതിക്കായി എടത്തല പഞ്ചായത്തിൽ നിന്നും മൂന്ന് ഗുണഭോക്താക്കൾക്ക് ₹106887/-ചുവടെ ചേർക്കും പ്രകാരം നല്കിയിട്ടുണ്ട്.

1. ഫാത്തിമാ നസ്റിൻ. കെ.എ. - 50000/-

2. അഹമ്മദ് ജഹാംഗീർ- 35647/-

3. ഹബീബുള്ള.എം.എം- 21240/-

ആയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. അഹമ്മദ് ജഹാംഗീർ, ഹബീബുള്ള.എം.എം എന്നിവർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

2. കേരള സാമൂഹ്യ സുരക്ഷാ മിഷൻ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറി ( നം 23/25.09.23)ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഒരു ഗുണഭോക്താവ് മാത്രമാണ് ഉണ്ടായിരുന്നതെന്നും, പദ്ധതി വിഹിതം ബാക്കി ഉണ്ടായിരുന്നതിനാലും, ഭിന്നശേഷിക്കാർക്കുള്ള പദ്ധതി ആയിരുന്നതിനാലും കാലതാമസം കൊണ്ട് അവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനായി തുക വിനിയോഗിച്ചതാണെന്നും അറിയിച്ചു. അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ മറ്റ് രണ്ട് ഗുണഭോക്താക്കളെ ഉൾപ്പെടുത്തി സാധൂകരണം ലഭ്യമാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക നം.12.3(16)പ്രകാരം ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ഒഴിവായിപ്പോയ അർഹരെ കൂട്ടിച്ചേർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയായിരിക്കണം എന്ന് വ്യക്തമാക്കുന്നുണ്ട്. അപ്രകാരം അംഗീകാരം ലഭിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സാമൂഹിക സുരക്ഷാ മിഷൻ തുക കൈപ്പറ്റിയ രസീത് ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ വരെ 106887/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ്, മറ്റ് രേഖകളും, വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 കക്കൂസ് മെയിന്റനൻസ് - പദ്ധതി നടത്തിപ്പിലെ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | കക്കൂസ് മെയിന്റനൻസ്, 108/23 (സ്പിൽ ഓവർ) |
| അടങ്കൽ | 1890000/-(കേന്ദ്രാവിഷ്കൃതഫണ്ട് – 1888038/-, തനത് ഫണ്ട് -1962/-) |
| ചെലവ് | 1225000/-(കേന്ദ്രാവിഷ്കൃതഫണ്ട് ) |
| തുക/ചെക്ക് നമ്പർ/ തീയതി | 1) 300000/ - ചെക്ക് നമ്പർ 5703474 /25.07.22<br>2) 200000/-ചെക്ക് നമ്പർ 5703473/ 26.07.22<br>3) 330000/- ചെക്ക് നമ്പർ 4362659/ 07.12.23<br>4) 165000/- ചെക്ക് നമ്പർ 71905/30.03.23<br>5) 35000/- ചെക്ക് നമ്പർ 71907/ 30.03.23<br>6)195000/-ചെക്ക് നമ്പർ 71906/ 30.03.23 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 245 ഗുണഭോക്താക്കൾക്ക് 5000/- രൂപ വീതം കക്കൂസ് മെയിന്റനൻസിന് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(36/27.09.2023) മറുപടി ലഭ്യമാക്കിയില്ല.

1.മെയിന്റനൻസിന് ആവശ്യമായ വാല്യുവേഷൻ ഇല്ലാതെയാണ് തുക നൽകിയിരിക്കുന്നത്.

2.സബ്സിഡി ഗുണഭോക്താക്കൾക്ക് ലഭ്യമായതിന്റെ കൈപ്പറ്റ് രസീതോ, ബാങ്ക് സ്റ്റേറ്റ്മെന്റോ ലഭ്യമാക്കിയിട്ടില്ല.
മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും തുക യഥാർത്ഥ ഗുണഭോക്താക്കൾ വിനിയോഗം ചെയ്തു എന്ന ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-22 തെരുവ് വിളക്കുകളുടെ പരിപാലനം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്കുകളുടെ പരിപാലനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 83/23 (Spill Over) |
| അടങ്കൽ തുക / ഫണ്ട് | 1)15,02,560/- (തനത് ഫണ്ട് ) |
| ചെലവ് തുക/ചെക്ക് നം തീയതി | 1)₹491092/- ചെക്ക് നം. തീ.71909/30.3.2023<br>2)₹186717/- ചെക്ക് നം. തീ.5703480/14.09.2022<br>3)₹405854/- ചെക്ക് നം. തീ.5703475/31.07.2022<br>₹1083663/- |

എടത്തല ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2021-22 വർഷം തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി AMC വ്യവസ്ഥയിൽ നടപ്പാക്കിയ പ്രോജക്ടാണിത്. AMP CUBE Engineering Services Pvt Ltd. എന്ന സ്ഥാപനത്തിന്റെ 15,90,056/- രൂപയുടെ ടെൻഡർ അംഗീകരിച്ചിട്ടുണ്ട്. 2021-22 വർഷം ₹9,97,440/- ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2022-23 വർഷം ₹10,83,663/- ഈ പ്രോജക്ടിന്റെ തന്നെ സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കി ചെലവഴിച്ചു. അതായത് ടെൻഡർ തുകയെക്കാളും ₹4,91,047/- അധികം ചെലവഴിച്ചിട്ടുണ്ട്. തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ടെൻഡർ നടപടികൾ കൂടാതെ അധികമായി ചെലവഴിച്ച തുക ₹4,91,047/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം21/തീ. 25.9.2023) മറുപടി ഹാജരാക്കിയില്ല.

തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ഒരു വർഷം AMC വ്യവസ്ഥ നിലനിൽക്കെ വിവിധ പ്രോജക്ടുകൾ തയ്യാറാക്കി തുക ചെലവു ചെയ്യുന്നുണ്ട്. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്റർ, ഗ്യാരണ്ടി കാലയളവ്, സംയുക്ത പരിശോധന റിപ്പോർട്ട് എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

## 1-23 ശ്മശാന നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഗ്യാസ് ശ്മശാനം സ്ഥാപിക്കൽ പൂർത്തീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നം / വർഷം | 115/23(സ്പിൽ ഓവർ) |
| അടങ്കൽ തുക / ഫണ്ട് | 1)₹2122200/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) 2)₹451000/- (തനത് ഫണ്ട്) |
| ചെലവ് തുക/ ബിൽ നം തീയതി | ₹668000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) ബിൽ നം 307 തീയതി 16.2.2023 |

എടത്തല ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2022-23 വർഷം ശ്മശാന നിർമ്മാണത്തിനായി ₹668000/- പാർട്ട് ബിൽ നല്കിയിട്ടുണ്ട്. ഈ നിർമ്മാണ പ്രവർത്തി സംബന്ധിച്ച് ചുവടെ ചേർക്കുന്ന പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം 20 തീ. 25.9.2023 )നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1) ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം പൂർത്തീകരണ തീയതി 31.3.2020, സപ്ലിമെന്ററി എഗ്രിമെന്റ് പ്രകാരം പൂർത്തീകരണ തീയതി 28.2.2022 എന്നിങ്ങനെയാണ്. എഗ്രിമെന്റ് തീയതിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് സ്വീകരിച്ച നിയമാനുസൃത നടപടി പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

2) ശുചിത്വമിഷൻ സ്പെസിഫിക്കേഷൻ പ്രകാരം ചെയ്ത പ്രവൃത്തികളുടെ ബിൽ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

മേൽ രേഖകളുടെ അഭാവത്തിൽ ₹668000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വിധേയമായി ₹668000/-യുടെ ചെലവ് തടസ്സം ഒഴിവാക്കുന്നതാണ്.

ഗ്രാമപഞ്ചായത്തിന്റെ അടിയന്തിര പ്രാധാന്യമുള്ള ഇത്തരം പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തിരികെ നല്കൽ - രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല

ക്രിസ്റ്റൽ ഏജൻസീസ് എന്ന സ്ഥാപനത്തിന് ₹1,40,000/- ചെക്ക് നം 841494/28.6.2022 പ്രകാരം തിരികെ നല്കിയിട്ടുണ്ട്. തുക അടവാക്കിയ ഒറിജിനൽ രസീപ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം17/തീ.25.09.23) മറുപടി ഹാജരാക്കിയില്ല. രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കാത്തതിനാൽ ₹1,40,000/-യുടെ ചെലവു ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഇല്ലാതെയാണ് തുക നൽകിയതെങ്കിൽ തിരികെ ഈടാക്കേണ്ടതാണ്.

## 1-25 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

എടത്തല ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2022-23 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക | ബിൽ നം /ചെക്ക് നം /തുക |
|---|---|---|---|---|
| 1 | 295/23 | കാരുണ്യ സ്പർശം -ഡയാലിസിസ് രോഗികൾക്ക് ചികിൽസാ ധനസഹായം-ജില്ലാ പഞ്ചായത്ത് വിഹിതം | 1)29,000/- 2)31250/-തനത് ഫണ്ട് | ചെക്ക് നം.71910 തീ.31.3.2023 |
| 2 | 149/23 | IKM വിഹിതം നൽകൽ | 1,01,363/- തനത് ഫണ്ട് | ചെക്ക് നം.622651 തീ.27.12.2023 |

കാരുണ്യ സ്പർശം - ചികിൽസാ സഹായം ജില്ലാ പഞ്ചായത്ത് വിഹിതം നല്കുന്നതിനായി ആകെ ₹60,250/-ചെലവഴിച്ചെങ്കിലും ₹31250/-രൂപയുടെ ചെലവു മാത്രമേ ചെലവു രേഖയിൽ ഉൾപ്പെട്ടിട്ടുള്ളൂ.

ജില്ലാ പഞ്ചായത്ത് തുക കൈപ്പറ്റിയ രേഖകൾ, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ IKM ന് അടവാക്കിയ തുകയുൾപ്പെടെ ആകെ ചെലവു തുക ₹1,61,613/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് 23.09.2023 ൽ 7-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ഡെപ്പോസിറ്റ് വർക്കുകൾ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

എടത്തല ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2022-23 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക | ബിൽ നം /ചെക്ക് നം /തുക |
|---|---|---|---|---|
| 1 | 300/23 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 3,61,800/-വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ അവാർഡ് | 1)351/10.03.22തുക144000/-<br>2)352/10.03.22തുക142800/-<br>3)353/10.03.22തുക75000/- |
| 2 | 7/23 | സ്ട്രീറ്റ് ലൈൻ വലിക്കൽ | 4,32,000/-വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ അവാർഡ് | 1)359/10.03.22തുക174876/-<br>2)360/10.03.22തുക67496/-<br>3)361/10.03.22തുക164256/-<br>3)362/10.03.22തുക25,372/- |
| 3 | 196/23 | വൈദ്യുതി പോസ്റ്റ് മാറ്റൽ | 93,525/- തനത് ഫണ്ട് | 1) 71910/31.3.2023തുക65986/-<br>2)622694/27.3.23തുക27539/- |
| 4 | 117/23 | സ്ട്രീറ്റ് ലൈൻ വലിക്കൽ | 1,24,490/- തനത് ഫണ്ട് | ചെക്ക് നം 8871962 തീ.20.10.2022 |
| | | ആകെ | ₹10,11,815/- | |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ തുക ₹10,11,815/-യുടെ ചെലവ് തടസപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.06/23.09.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-27 ലൈഫ് ഭവന പദ്ധതി- തുക അധികം നല്കിയത് സംബന്ധിച്ച്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | ലൈഫ് ഭവന പദ്ധതി -എസ്.സി., 251/22-23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 1,16,00,000/-(സംസ്ഥാനാവിഷ്കൃതഫണ്ട് -40,00,000/-) (തനത് ഫണ്ട് -79,026/-)(വികസന ഫണ്ട്(എസ്സ്.സി.പി)-15,20,974/-)(ബ്ളോക്ക് പഞ്ചായത്ത്-40,00,000/-) (ജില്ലാ പഞ്ചായത്ത്-20,00,000/-) |
| ചെലവ് | 68,72,804/-(സംസ്ഥാനാവിഷ്കൃതഫണ്ട്-12,80,000 /-)(15,20,974/-വികസന ഫണ്ട്(എസ്സ്.സി.പി) (ബ്ളോക്ക് പഞ്ചായത്ത്-38,20,000/-) (ജില്ലാ പഞ്ചായത്ത്-251830/-) |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്റ്റിൽ(പ്രോജക്റ്റ് നം 101/21-22, പ്രോജക്റ്റ് നം 251/22-23) 38 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഒരു ഗുണഭോക്താവിന് ₹4,00,000/- വീതം പരമാവധി ധനസഹായം നൽകുന്ന പദ്ധതിയിൽ 2022 ൽ

പണിപൂർത്തിയാക്കിയ ശ്രീ.രാജൻ&കമലാക്ഷി, തച്ചിലകത്ത് മുതിരക്കാട്ടുമുകൾ, എടത്തലക്ക് ₹440000/- നല്കിയിട്ടുണ്ട്. വിശദവിവരം ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

## 1-28 ലൈഫ് ഭവന പദ്ധതി - സ്ഥലം വാങ്ങൽ - അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | ലൈഫ് ഭവന പദ്ധതി – സ്ഥലം വാങ്ങൽ 332/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 2,00,000/- (വികസന ഫണ്ട് -പൊതു വിഭാഗം)<br>20,00,000/-(ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്) |
| ചെലവ് | 2,00,000/- (ബ്ലോക്ക് പഞ്ചായത്ത്ഫണ്ട്)<br>ബിൽ നം 484/23.3.23 |

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീമതി ഷീബക്ക് വസ്തു നൽകുന്നതിന് ശ്രീമതി.രാധാ സുകുമാരന് 2,00,000/- രൂപ സ്ഥലം വിൽപ്പന നടത്തിയ വകയിൽ നല്കിയിട്ടുണ്ട്. ലൈഫ് മിഷൻ വ്യവസ്ഥകൾ പ്രകാരം ഗുണഭോക്താവിന് സ്വന്തമായോ/കുടുംബാംഗങ്ങളുടെ പേരിലോ, നിലവിൽ വസ്തു/പരമ്പരാഗതമായി ഭൂമി കൈമാറിക്കിട്ടാനോ ഉള്ള സാദ്ധ്യത ഇല്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, ഗുണഭോക്താവ് താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള റസിഡൻഷ്യൽ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഹാജരാക്കിയിട്ടുള്ള മറ്റ് എല്ലാ രേഖകളിലും ടിയാരിയുടെ മേൽവിലാസം എരുവേലി ദേശത്ത്, ചോറ്റാനിക്കര ആണ്. ആയതിനാൽ ടിയാരി ഈ പഞ്ചായത്തിലെ താമസക്കാരിയാണെന്നതിനു റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അതോടൊപ്പം ഗുണഭോക്താവിന് സ്വന്തമായോ/ കുടുംബാംഗങ്ങളുടെ പേരിലോ, നിലവിൽ വസ്തു/പരമ്പരാഗതമായി ഭൂമി കൈമാറിക്കിട്ടാനോ ഉള്ള സാദ്ധ്യത ഇല്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പിലെ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(നം.39/28.09.23). വിശദീകരണം ലഭ്യമാക്കുന്നതു വരെ 2,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-29 ലൈഫ് ഭവന പദ്ധതി 2022-23

ലൈഫ് ഭവന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട 61 ഗുണഭോക്താക്കളിൽ താഴെ പറയുന്നവർ (Phase 11) ഭവന നിർമ്മാണം പൂർത്തിയാക്കി ധനസഹായ തുക 400000/ രൂപ പൂർണ്ണമായും കൈപ്പറ്റിയിട്ടില്ല.

| ഗുണഭോക്താവ്/വാർഡ് | അനുവദിച്ച തുക | ആദ്യ ഗഡു കൈപ്പറ്റിയ ബിൽ നം./തീയതി |
|---|---|---|
| ലൈല, മുരിക്കാശ്ശേരി, എടത്തല/9 | 40000/- | BRN. 22834/21.11.18 |
| സിറാസ്/ ഷെറീന, മലയിൽ പറമ്പ്, കുർളാട്/9 | 40000/- | BRN.72867/21.03.20 |

ലൈഫ് ഭവന പദ്ധതി പട്ടിക ജാതി അഡീഷണൽ ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട 38 ഗുണഭോക്താക്കളിൽ താഴെ പറയുന്ന 6 പേർ ഭവന നിർമ്മാണം പൂർത്തിയാക്കി ധനസഹായ തുക 400000/- രൂപ പൂർണ്ണമായും കൈപറ്റിയിട്ടില്ല.

| ഗുണഭോക്താവ്/ വാർഡ് | ആകെ അനുവദിച്ച തുക | ആദ്യ ഗഡു കൈപ്പറ്റിയ ബിൽ നം./തീയതി |
|---|---|---|
| ശശികലാ രാമൻ/15 | 300000/- | BRN. 477169/04.10.21 |
| ഭവാനി സ്വാമികുട്ടി,എരുമത്തല മൂല/15 | 40000/- | BRN.210025/18.11.21 |
| ചന്ദ്രിക W/o രമേഷ്/12 | 300000/- | BRN.210033/05.01.22 |
| നീലി കണ്ണൻ/13 | 300000/- | BRN.493561/27.03.22 |
| അജീഷ്,സി.എസ്&ബിനിത കുട്ടപ്പന്/2 | 300000/- | BRN.493561/27.03.22 |
| അർജ്ജുൻ.റ്റി.എം/16 | 300000/- | BRN.446768/20.09.21 |

ഫേസ് 3 യിൽ നിന്നും ഫേസ് 2 ലേക്ക് മാറിയ 20ഗുണഭോക്താക്കളിൽ താഴെ പറയുന്ന 4പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താവ്/ വാർഡ് | അനുവദിച്ച തുക | ആദ്യ ഗഡു കൈപ്പറ്റിയ ബിൽ നം./തീയതി |
|---|---|---|
| നജ്ജമ റഫീക്ക്/5 | 300000/- | BRN. 97799/07.09.21 |
| ബീമ ജമാൽ/11 | 300000/- | BRN. 610204/12.10.20 |
| ഉമൈബ/6 | 300000/- | BRN. 947090/15.01.21 |
| രമാദേവി രാജേഷ് കുമാർ/21 | 200000/- | BRN. 06314/11.03.22 |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി 37/28.09.2023). ഗുണഭോക്താക്കൾ യഥാസമയം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-30 എം. എൻ ലക്ഷം വീട് - ഇരട്ട വീടുകൾ ഒറ്റ വീടാക്കി മാറ്റൽ - പണി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | എം. എൻ. ലക്ഷം വീട് - ഒറ്റ വീട് ആക്കൽ, നമ്പർ 243/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | ₹40,00,000/-<br>[(5,50,000/-(തനതുഫണ്ട്),<br>34,50,000/-വികസന ഫണ്ട് -പൊതു വിഭാഗം(സാധാരണം)] |
| ചെലവ് | 31,59,432{5,50,000/(തനതുഫണ്ട്)<br>26,09,432(വികസന ഫണ്ട് -പൊതു വിഭാഗം(സാധാരണം)} |
| തുക/ബിൽ നം./തീയതി | 59432/-ബിൽ നം-426 തീ. 16.03.23<br>700000/-ബിൽ നം -281/ തീ. 7.02.23<br>330000/-ബിൽ നം -157/ തീ. 13.12.22<br>100000/- ചെക്ക് നം 8871875 തീ. 27.12.22<br>450000/-ചെക്ക് നം 8871875 തീ. 27.12.22<br>1520000/-ബിൽ നം-109/തീ.01.10.22 |

പദ്ധതി പ്രകാരം 10 ഗുണഭോക്താക്കൾക്ക് ₹4,00,000/- വീതം വീട് പൂർത്തീകരിക്കുന്ന ഘട്ടങ്ങൾ അനുസരിച്ച് 4 ഘട്ടമായി തുക നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ ചുവടെ ചേർക്കുന്ന വ്യക്തി വീട് പണി പൂർത്തീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി-40/29.09.2023).

1. മുരുകൻ, S/o ദണ്ഡപാണി, കീത്തോളിപറമ്പ്, കുറ്റിക്കാട്ടുകര - നൽകിയ തുക ₹2,00,000/-.

1-31 ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് റിക്വസിഷൻ തീയതി-27.09.23 )

| പ്രോജക്ട് നം/പേര് | അടങ്കൽ (ഫണ്ട്) | ചെലവ് |
|---|---|---|
| 105/ലൈഫ് ഭൂമി വാങ്ങൽ ജനറൽ (സ്പിൽ ഓവർ) | 1,14,00,000/-<br>1)10,00,000-വികസന ഫണ്ട് പ്രത്യേക ഗ്രാന്റ്<br>2)4,00,000-തനത്ഫണ്ട്<br>3)50,00,000-ജില്ലാ പഞ്ചായത്ത്<br>4)50,00,000-മറ്റുള്ളവ | 4,00,000/-<br>(തനത് ഫണ്ട്)<br>1)ചെക്ക്നം-868876,തീയതി-17,09,22<br>തുക-2,00,000/-<br>2)ചെക്ക്നം-570376, തീയതി-12.08.22<br>തുക-2,00,000/- |

| | | |
|---|---|---|
| So112/22-23എം. എൻ ലക്ഷം വീട്- ഇരട്ട വീട്ടുകൾ ഒറ്റ വീട് ആക്കി മാറ്റൽ (സ്പിൽ ഓവർ) | അടങ്കൽ- 1,60,000/- തനത്ഫണ്ട് | 140568/-(തനത്ഫണ്ട്) ചെക്ക്നം-4885314, തീയതി-22.03.23 |
| ആകെ | | 5,40,568/- |

മേൽ പദ്ധതിയുടെ ചെലവ് വിവരങ്ങൾ ഓഡിറ്റിൽ പരിശോധിക്കാൻ സാധിക്കാത്തതിനാൽ ആയതിനാൽ മേൽ പദ്ധതിയുടെ ചെലവ് തുക 5,40,568/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 മഴക്കാല പൂർവ്വ ശുചീകരണം- ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല

1)ചെക്ക് നം,തീ :189379/21.8.2022 തുക: 2,10,000/-

2)ചെക്ക് നം,തീ :622680/1.3.2023 തുക: 2,10,000/-

എടത്തല ഗ്രാമപഞ്ചായത്ത് 21 വാർഡുകളിലേയ്ക്കും 20,000/-രൂപ വീതം 4,20,000/- രൂപ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിനായി 2022-23 വർഷം തനത് ഫണ്ടിൽ നിന്നും, ശുചിത്വമിഷൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ചെലവു രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം-30, തീയതി-27.09.23) തുക കൈപ്പറ്റിയ വിശദാംശം മാത്രമാണ് ഹാജരാക്കിയത്. ചെലവു രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കാത്തതിനാൽ 4,20,000/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 മുൻകൂറുകൾ ക്രമീകരിക്കുന്നതിന് കാലതാമസം

മുൻകൂർ രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. കൂടാതെ ചുവടെ ചേർത്തിട്ടുള്ള മുൻകൂറുകൾ ക്രമീകരിക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നം-27, തീയതി-27.09.23) മറുപടി ഹാജരാക്കിയില്ല.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | തുക |
|---|---|---|---|
| 1 | 460100199 | Other Advances | 2,47,801/- |
| 2 | 460500205 | To PWD | 16,00,000/- |
| 3 | 460500499 | To Other Accredited Agency | 46,067/- |
| 4 | 460500501 | To Other Implementing Agencies | 4,20,179/- |
| 5 | 460509901 | Advance To Others | 1,52,627/- |

മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ലെങ്കിൽ നിയമാനുസൃത പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-34 ചെലവു രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല

Covid ന വേണ്ടിയുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നും 4,74,100/-രൂപ വരവും ചെലവും ഉള്ളതായി ചേർത്തിട്ടുണ്ട്. വരവ്-ചെലവിന്റെ രേഖകളും വിശദാംശങ്ങളും പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം-27 തീ-27.09.23) മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്

## 1-35 ലൈബ്രറി സെസ്സ് അടവാക്കിയ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

എടത്തല ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2022-23 വർഷം ലൈബ്രറി സെസ്സ് 12,24,351/-രൂപ ചെക്ക് നം 8871862/15.9.2022 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതു സംബന്ധിച്ച് ഫയൽ, ലൈബ്രറി സെസ്സ് ഡി.സി.ബി, തുക കൈപ്പറ്റിയ രേഖകൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ്എൻക്വയറി.നം-18,തീ-25.09.23) ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 12,24,351/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലൈബ്രറി സെസ് ഏതൊക്കെ വർഷങ്ങളിൽ അടവാക്കാനുള്ള തുകയാണെന്നും തുക കൈപ്പറ്റിയ വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 ഡെപ്പോസിറ്റ് വർക്കുകൾ-യഥാസമയം പൂർത്തീകരിക്കുന്നില്ല.

ഡെപ്പോസിറ്റ് വർക്കുകൾ-യഥാസമയം പൂർത്തീകരിക്കുന്നില്ല.

എടത്തല ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക B-18 Schedule പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്കായി ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

1)വാട്ടർ അതോറിറ്റി-77,21,031/-രൂ

2) KSEB യിലേയ്ക്ക് 76,24,086/-രൂ

3)PWD യിലേയ്ക്ക് 16,00,000/-രൂ

2017-18 വർഷം തുടങ്ങിയുള്ള ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. പി.ഡബ്ല്യ.ഡി യിലേയ്ക്ക് നൽകിയ ഡെപ്പോസിറ്റ് തുക ഏതിനത്തിനെന്ന് വ്യക്തമാക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയില്ല, ഡെപ്പോസിറ്റ് വർക്കുകൾ യഥാസമയം പൂർത്തികരിക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 അഗതി രഹിത കേരളം - ഫണ്ട് വിനിയോഗിക്കുവാൻ അവശേഷിക്കുന്നു

എടത്തല ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2022-23 വർഷം അഗതി രഹിത കേരളം - ചലഞ്ച് ഫണ്ട് ഇനത്തിൽ 10,31,415/-രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് (ചെക്ക് നം 189375/7.5.2022) ഈ തുകയുടെ ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടതിൻ പ്രകാരം (ഓഡിറ്റ് എൻക്വയറി നം- 19/25.09.23) ടി തുക കുടുംബശ്രീ സെക്രട്ടറിയുടെ അക്കൌണ്ടിലേയ്ക്ക് അഗതി രഹിത കേരളം പദ്ധതി നടപ്പാക്കുന്നതിനായി നൽകിയ തുകയാണെന്ന് മറുപടി നൽകി. എന്നാൽ ഹാജരാക്കിയ ബാങ്ക് പാസ് ബുക്കിൽ 10,02,992/-രൂപ ചെലവ് ചെയ്യുവാൻ അവശേഷിക്കുന്നുണ്ട്. ഇത് കൂടാതെ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരവും 20,98,333/-രൂപ ഈയിനത്തിൽ ചെലവഴിക്കുവാൻ അവശേഷിക്കുന്നുണ്ട്. പ്രത്യേകാവശ്യങ്ങൾക്കുള്ള ഫണ്ട് യഥാവിധി വിനിയോഗം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2022-23 സാമ്പത്തികവർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെച്ചേർന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു.

1]Grey Matter (1st& 2nd Half)

| ജീവനക്കാരുടെ പേര്, തസ്തിക | ഒരു മാസത്തെ അടിസ്ഥാന ശമ്പളം | വരുമാന പത്രികയിൽ കാണിച്ചിരിക്കുന്ന അർദ്ധ വാർഷിക വരുമാനം | ആറ് മാസത്തെ ആകെ വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | വ്യത്യാസം |
|---|---|---|---|---|---|---|
| സജിത് കെ ബി (പ്രോസസ് അസോസിയേറ്റ്) | 16795/- | 85,802/- | 16795*6 =100770/- | 750/-(1 St Half) 1220300718/22.09.22 | 1000 | 250 |
| | | | | 750/-(2 Nd Half) 1220108869/29.03.23 | 1000 | 250 |
| മുഹമ്മദ് അനീസ് .ടി.എ (പ്രോസസ് അസോസിയേറ്റ്) | 20139/- | 70,855/- | 20139*6 =120834/- | 600/-(1 St Half) 1220300718/22.09.22 | 1000 | 400 |
| | | | | 600/-(2 Nd Half) 1220108869/29.03.23 | 1000 | 400 |

| | | | | | | |
|---|---|---|---|---|---|---|
| വൈശാകൻ പി (പ്രോസസ് അസോസിയേറ്റ്) | 14589/- | 57,878/- | 14589*6 =87534/- | 450/-(1 St Half) 1220300718/22.09.22 | 750 | 300 |
| | | | | 450/-(2 Nd Half) 1220108869/29.03.23 | 750 | 300 |
| | | | | ആകെ | | 1900 |

II]KPB Nidhi L

| പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി/ രസീത് നം | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| ഐശ്വര്യ വി കണ്ണൻ, ബിസിനസ് അസിസ്റ്റന്റ് | 88800 | 600/- (1220300563/14.09.2022) | 750 | 150 |

മേൽ സൂചിപ്പിച്ചവ പ്രകാരം ആകെ 1900+150= 2050/-രൂപ ടി ജീവനക്കാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലൈഫ് ഭവന പദ്ധതി- തുക അധികം നല്കി

| | |
|---|---|
| പ്രോജക്ട് നം<br>പേര് | ലൈഫ് ഭവന പദ്ധതി എസ്.സി<br>251/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, |
| അടങ്കൽ | 1)സംസ്ഥാനാവിഷ്കതഫണ്ട് -4000000/-<br>2)തനത് ഫണ്ട് -79026/-<br>3)എസ്.സി.പി-1520974/-<br>4)ബ്ലോക്ക്പഞ്ചായത്ത്-4000000/-<br>5)ജില്ലാപഞ്ചായത്ത്-2000000/-<br>ആകെ- 11600000/- |
| ചെലവ് | 1)സംസ്ഥാനാവിഷ്കതഫണ്ട്-1280000/-<br>2)എസ്.സി.പി-1520974/-<br>3)ബ്ലോക്ക് പഞ്ചായത്ത്-3820000/-<br>4)ജില്ലാ പഞ്ചായത്ത്-251830/-<br>ആകെ- 6872804/- |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ടിൽ (പ്രോജക്ട് നം 251/23) 38 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 400000/- രൂപ വീതം പരമാവധി ധനസഹായം നല്കുന്ന പദ്ധതിയിൽ 2022 ൽ പണിപൂർത്തിയാക്കിയ ശ്രീ.രാജൻ&കമലാക്ഷി,തച്ചിലകത്ത് മുതിരക്കാട്ടുമുകൾ,എടത്തല എന്ന വ്യക്തിക്ക് 4,40,000/- രൂപ ചുവടെ ചേർക്കും പ്രകാരം നല്കിയിട്ടുണ്ട്.

| ക്രമ നം | തുക | ബിൽ നമ്പർ / തീയതി |
|---|---|---|
| 1 | 40000/ - | 62/20.09.21 |
| 2 | 40000/- | 64 /20.09.21 |
| 3 | 100000/- | 344 /20.09.21 |
| 4 | 160000/- | 844/ 10.1.22 |
| 5 | 100000/- | 53/ 19.09.22 |
| ആകെ | 440000/- | |

40000/- രൂപ അധികമായി നല്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 38/28.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല.അധികമായി നല്കിയ 40000/- രൂപ ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. 40000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരം

ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ നം, പേര്. | മുൻകൂർ നല്കിയ തുക/വൗച്ചർ നം./ബിൽ നം. | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 300/23 കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ വാർഡ് 3 | 1)351/10.03.22തുക144000/-<br>2)352/10.03.22തുക142800/-<br>3)353/10.03.22തുക75000/- | 3,61,800/- വികസന ഫണ്ട് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| കെ എസ് ഇ ബി | 7/23 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1)359/10.03.22തുക174876/-<br>2)360/10.03.22തുക67496/-<br>3)361/10.03.22തുക164256/-<br>3)362/10.03.22തുക25,372/- | 4,32,000/- വികസന ഫണ്ട് | ടി |
| കെ.എസ് ഇ ബി | 196/23 വൈദ്യുതി പോസ്റ്റ് മാറ്റൽ | 1) 71910/31.3.2023തുക65986/-<br>2)622694/27.3.23തുക93525/- | 93,525/- തനത് ഫണ്ട് | ടി |
| കെ എസ് ഇ ബി | 117/23 സ്ട്രീറ്റ് ലൈൻ വലിക്കൽ | ചെക്ക്.നം8871962dt.20.10.2022 | 1,24,490/- തനത് ഫണ്ട് | ടി |

### 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക്പഞ്ചായത്ത് (വാഴക്കുളം ബ്ലോക്ക്) | 2022-23 | 3820000 | 251/23, ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി (SC) | 3820000 | 0 |
| | ബ്ലോക്ക്പഞ്ചായത്ത് (വാഴക്കുളം ബ്ലോക്ക്) | 2022-23 | 1040000 | 246/23 ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി | 1040000 | 0 |
| | ബ്ലോക്ക്പഞ്ചായത്ത് (വാഴക്കുളം ബ്ലോക്ക്) | 2022-2023 | 200000 | 332/23 ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി-സ്ഥലം വാങ്ങൽ | 2,00000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | ബ്ലോക്ക്പഞ്ചായത്ത് (വാഴക്കുളം ബ്ലോക്ക്) | 2022-23 | 1575000 | 244/23 ഭിന്നശേഷി വിദ്യാർഥികൾക്കുള്ള സഹായം | 1575000 | 0 |
| | ബ്ലോക്ക്പഞ്ചായത്ത് (വാഴക്കുളം ബ്ലോക്ക്) | 2022-23 | 100236 | 191/23പെറ്റ് ബോട്ടിൽ എഎം സി | 100236 | 0 |
| | ബ്ലോക്ക്പഞ്ചായത്ത് (വാഴക്കുളം ബ്ലോക്ക്) | 2022-23 | 94000 | 123/23 പാലിന് സബ്സിഡി | 94,000 | 0 |
| | ആകെ | | 6829236 | | 68,29,236 | |
| | ജില്ലാ പഞ്ചായത്ത് | 2022-23 | 251830 | 251/23, ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി (SC) | 251830 | 0 |
| | ജില്ലാ പഞ്ചായത്ത് | 2022-23 | 471700 | 244/23 ഭിന്നശേഷി വിദ്യാർഥികൾക്കുള്ള സഹായം | 471700 | 0 |
| | ജില്ലാ പഞ്ചായത്ത് | 2022-23 | 430000 | 307/23 SCവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 430000 | 0 |
| | ആകെ | | 1153530 | | 1153530 | |

സംയുക്ത പ്രോജക്റ്റുകൾക്കായി ലഭിച്ച ബ്ലോക്ക് ഫണ്ട് തുകകളുടെ വിനിയോഗം ചെലവ് രേഖയിലും വാർഷിക ധനകാര്യപത്രിക ഷെഡ്യൂൾ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നത് വ്യക്തമാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ (KURDFC) | - | 8578975 | 6923069 | 22,69,955 | - | 46,53,114 |

ജി.ഒ പ്രോജക്റ്റ്
1)പ്രോജക്റ്റ് നം 310/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) 3,59,333/-
2)പ്രോജക്റ്റ് നം 334/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) 3,59,334/-
3)പ്രോജക്റ്റ് നം 311/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ് സി പി) 7,75,644/-
4)പ്രോജക്റ്റ് നം 335/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ് സി പി) 7,75,644/-

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 7,15,86,239 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ ലഭിച്ചത് | 51,33,395 |
| ആകെ | 7,67,19,634 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 7,67,19,634 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | എഫ്.ഡി നം | തുക |
|---|---|---|

| | | |
|---|---|---|
| 1 | 48257/ C | 605246 |
| 2 | 48347/C | 688347 |
| 3 | 48259/C | 1178400 |
| 4 | 48258/C | 1392603 |
| 5 | 47718/C | 1633391 |
| 6 | 48345/C | 4140215 |
| 7 | 47813/C | 4698727 |
| 8 | 48346/C | 10362893 |
| 9 | 47728/C | 52019812 |
| | ആകെ | 76719634 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | പ്രത്യേക അവലോകനം | 2011-12 | 3-1 | കൃഷിഭവനകളുടെ ഭൗതിക സൗകര്യ വികസനം | നിയമസഭാ സമിതിയുടെ തെളിവെടുപ്പ് കഴിഞ്ഞു. തൽസ്ഥിതി വിവരപത്രിക സമർപ്പിച്ചിട്ടുണ്ട് |
| 2013-14 | പ്രവർത്തനാവലോകനം | 2013-14 | 5.3.5.6 | ചെറുകിട പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാധാന്യം നൽകുന്നില്ല. | നിയമസഭാ സമിതിയുടെ തെളിവെടുപ്പ് കഴിഞ്ഞിട്ടില്ല. |
| 2002-03 | പൊതു അവലോകനം | 2006-07 | 3.39.4.4 | ഡെപ്പോസിറ്റ് വർക്ക് (KWA)- പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | പഞ്ചായത്ത് നൽകിയ മറുപടി നിയമസഭാ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 2002-03 | പൊതു അവലോകനം | 2006-07 | 3.39.4.5 | ഡെപ്പോസിറ്റ് വർക്ക് (KSEB)- പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | പഞ്ചായത്ത് നൽകിയ മറുപടി നിയമസഭാ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | തൊഴിൽ നികുതി പ്രത്യേക അവലോകനം | 2016-17 | 2.3 | തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് | ന്യൂനതാ പരിഹാര പത്രിക സമർപ്പിച്ചു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,30,92,728 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,17,09,998 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 2,050 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 52,43,688 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 1100 | 0.00 | ശ്രീ.റെജിമോൻ പി പി, സെക്രട്ടറി |
| | 950 | | ശ്രീ സജി തോമസ്, സെക്രട്ടറി |
| 3-1 | 0.00 | 40,000/- | ശ്രീ. അരുൺകുമാർ.എൻ.കെ, വി ഇ ഒ |
| ആകെ | 2,050 | 40,000/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 53,668 | ഡോ.ശ്രീകല വി.എസ്. ,മെഡിക്കൽ ഓഫീസർ , FHC |
| 1-18 | 46,831 | ഡോ.ശ്രീകല വി.എസ്. ,മെഡിക്കൽ ഓഫീസർ , FHC |
| 1-19 | 1,78,908 | ഡോ.ധന്യ പ്രസാദ് , മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-20 | 1,06,887 | ശ്രീമതി ഷഫീന , ഐ.സി.ഡി എസ് സൂപ്പർവൈസർ |
| 1-22 | 4,91,047 | ശ്രീ സജി തോമസ്, സെക്രട്ടറി |
| 1-23 | 6,68,000 | ശ്രീ സജി തോമസ്, സെക്രട്ടറി |
| 1-24 | 1,40,000 | ശ്രീ റെജിമോൻ പി പി,സെക്രട്ടറി |
| 1-25 | 1,61,613 | ശ്രീ സജി തോമസ്, സെക്രട്ടറി |
| 1-26 | 10,11,815 | ശ്രീ സജി തോമസ്, സെക്രട്ടറി |
| 1-28 | 2,00,000 | ശ്രീമതി ഫെമിന.കെ.ബി, വി ഇ ഒ |
| 1-31 | 4,00,000 | ശ്രീ. അരുൺകുമാർ.എൻ.കെ, വി ഇ ഒ |
| | 1,40,568 | ശ്രീമതി ഫെമിന.കെ.ബി, വി ഇ ഒ |
| 1-32 | 2,10,000 | ശ്രീ റെജിമോൻ പി പി, സെക്രട്ടറി |
| | 2,10,000 | ശ്രീ സജി തോമസ്, സെക്രട്ടറി |
| 1-35 | 12,24,351 | ശ്രീ റെജിമോൻ പി പി,സെക്രട്ടറി |
| ആകെ | 52,43,688 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അരുൺകുമാർ.എൻ.കെ, വി ഇ ഒ | വി.ഇ.ഒ, മുളവുകാട് ഗ്രാമപഞ്ചായത്ത് | LKRA<br>LISSY Hospital Cross Road<br>,<br>Kaloor ,Cochin 17 |
| ശ്രീ.റെജിമോൻ.പി.പി, സെക്രട്ടറി | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | പുത്തൻപുരയ്ക്കൽ (വീട്), കാരിക്കോട് , മുളന്തുരുത്തി |
| ഡോ.ശ്രീകല.വി.എസ്. മെഡിക്കൽ ഓഫീസർ , FHC | മെഡിക്കൽ ഓഫീസർ, FHC | ACHANDIL H,<br>NEW GREENLAND VILLAS,<br>VKC P O , Thevackal |
| ഡോ.ധന്യ പ്രസാദ്, മെഡിക്കൽ ഓഫീസർ,ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, എടത്തല ഗ്രാമപഞ്ചായത്ത് | Thayakam, Changampuzha Nagar.p.o, Kochi-33 |

| | | |
|---|---|---|
| ശ്രീമതി ഫെമിന.കെ.ബി, വി ഇ ഒ | വി ഇ ഒ കുഴിവേലിപ്പടി | ചാമപ്പറമ്പിൽ ഹൗസ് ഗ്രീൻവാലി എസ് ലൈൻ എടത്തല നോർത്ത് പി.ഒ ആലുവ |
| ശ്രീ സജി തോമസ്, സെക്രട്ടറി | സെക്രട്ടറി എടത്തല ഗ്രാമപഞ്ചായത്ത് | ലൌഷോർ,മേലേവിള, മാമ്പിള്ളിക്കുന്നം ചാത്തന്നൂർ, കൊല്ലം |
| ശ്രീമതി ഷഫീന , ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, എടത്തല ഗ്രാമപഞ്ചായത്ത് | കറുത്തേടത്ത് പുറയാർ, ദേശം, ആലുവ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(i)/18, 09.08.18/10.10.18 |
| 1997-98 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(ii)/18, 09.08.18/10.10.18 |
| 1998-99 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(iii)/18, 09.08.18/10.10.18 |
| 1999-00 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(iv)/18, 09.08.18/10.10.18 |
| 2000-01 | എൽ.എഫ്.ഇ.(പി.5)1997/11, 30.03.12 |
| 2001-02 (Non Plan വരവ് ചെലവ്) | എൽ.എഫ്.ഇ.(പി.5)1009/10, 26.04.11 |
| 2001-02 Plan | എൽ.എഫ്.ഇ.(പി.5)1010/10, 24.07.12 |
| 2002-03ചെലവ് | എൽ.എഫ്.ഇ.(പി.5)228/11, 03.05.12 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(v)/18, 09.08.18/10.10.18 |
| 2004-05 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(vi)/18, 09.08.18/10.10.18 |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(vii)/18, 09.08.18/10.10.18 |
| 2006-07 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(viii)/18, 09.08.18/10.10.18 |
| 2007-08 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(ix)/18, 09.08.18/10.10.18 |
| 2008-09 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(x)/18, 09.08.18/10.10.18 |
| 2009-10 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(xi)/18, 09.08.18/10.10.18 |
| 2010-11 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(xii)/18, 09.08.18/10.10.18 |
| 2011-12 | കെ.എസ്.എ.-ഇ.കെ.എം.(പി5)1093/16, 01.02.17 |
| 2012-13 | എൽ.എഫ്.ഇ.(പി.5)163/15, 06.06.15 |
| 2013-14 &14-15 | കെ.എസ്.എ.ഇ.കെ.എം.(പി.5)1186/16, 06.03.17 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി.5)778/17, 24.07.18 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി10)1502/17, 18.07.18 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി10)2205/18, 01.03.2019 |
| 2018-19 | നം.കെ.എസ്.എ.ഇകെഎം(പി5 )1954/2019, 03.01.2020 |
| 2019-20 | നം.കെ.എസ്.എ.ഇകെഎം(പി5 )1802/2021, 07.02.2022 |

| | |
|---|---|
| 2020-21 | നം.കെ.എസ്.എ.ഇകെഎം(പി5 )1803/2021, 5.4.2022 |
| 2021-22 | നം.കെ.എസ്.എ.ഇകെഎം(പി5 )2285/2023, 02.03.2023 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 27-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Edathala Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Edathala Grama Panchayat for the year 2022-2023

Date: 13/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Edathala Grama Panchayat for the Year 2022-2023.

**1.Major Observations**

1.Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2.Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

4.Discripancy in carring forward of the closing balance in the year 2021-22 as opening balance of the year 2022-23. A difference of Rs. 25/- is seen in opening balance.

5.Non inclution of Notes to Accounts in Financial statements and non disclosure of material facts.

**2.Other Observations**

1.The following mandatory financial statements prescribed in accounting rules are not submitted for audit. Ratios and Notes on Accounts.
2.Bank account regarding Co-operative bank of revenue Account is not incorporated in Annual Financial Statement.
3.Finance Commission Grant expenditure is mismatch with Appropriation Control Register.
4. Redemption amount balance to be received is mismatch with the amount received during the year .
5.Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.
6. Advance register is not maintained properly
7. Property tax DCB in AFS is mismatch with the details in Sanchaya.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്